കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# തൃക്കാക്കര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website : www.ksad.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(എം.1)358/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി :23/03/2020**

ജോയിന്റ് ഡയറക്ടർ

ചെയർമാൻ,
തൃക്കാക്കര നഗരസഭ (സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം:- തൃക്കാക്കര നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) ഓഫീസ് കോപ്പി.

നം.കെ.എസ്.എഇ.കെ.എം(എം.1)358/2020 തീയതി-23.03.2020

## എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ **തൃക്കാക്കര നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ.കെ.ജി.<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020 മുതൽ 29.02.2020 വരെയും<br>5.03.2020 മുതൽ 13.03.2020 വരെയും | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി. ഐ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ മൈക്കിൾ കെ.എ. (05.03.20 മുതൽ 13.03.20 വരെ) | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ വിനീത് ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സന്തോഷ് കുമാർ.കെ.വി (05.03.20 മുതൽ 13.03.20 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം.എസ്.ഗോപകുമാർ (05.03.20 മുതൽ 13.03.20 വരെ ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ റഷീദ് സി .എം.<br>(05.03.20 മുതൽ<br>13.03.20 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ പ്രസാദ് പി. ജി.<br>(05.3.20 മുതൽ<br>13.03.20 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സന്തോഷ്കുമാർ.എം<br>(05.03.20 മുതൽ<br>13.03.20 വരെ) | ഓഡിറ്റർ (ഹ.ഗ്രേ) |
| | ശ്രീ അഭിലാഷ് എം.ആർ<br>(05.03.20 മുതൽ<br>13.03.20 വരെ) | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി കെ കെ നീന | 01.04.2018മുതൽ<br>10.04.2018 വരെ |
| | ശ്രീമതി മേരി കുര്യൻ(ആക്ടിങ്ങ്) | 11.04.2018 മുതൽ<br>09.05.2018 വരെ |
| | കുമാരി എം ടി ഓമന | 10.05.2018 മുതൽ<br>27.11.2018 വരെ |
| | ശ്രീമതി മേരി കുര്യൻ(ആക്ടിങ്ങ്) | 28.11.2018 മുതൽ<br>17.12.2018വരെ |
| | ശ്രീമതി ഷീല ചാരു | 18.12.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.പി എസ് ഷിബു | 01.04.2018 മുതൽ<br>31.3.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| <u>ഉദ്യോഗപ്പേര്</u> | <u>പേര്</u> | <u>കാലയളവ്</u> |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എസ് രാജേന്ദ്രൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.മേരി കാതറിൻ ജോർജ്ജ് | 01.04.2018 മുതൽ<br>31.03.2019വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീമതി.ഗീത കെ | 01.04.2018മുതൽ<br>06.08.2018വരെ |
| | ശ്രീമതി. അനിത പി | 07.08.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.റോണി മേരി | 01.04.2018മുതൽ<br>31.03.2019വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.മീര ബെൻ വക്കച്ചൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി ധനുഷ എം | 01.04.2018 മുതൽ<br>14.06.2018 വരെ |
| | ശ്രീമതി.ട്രീസ | 15.06.2018 മുതൽ<br>01.09.18 വരെ |
| | ശ്രീമതി ധനുഷ എം | 02.09.2018 മുതൽ |

| | | |
|---|---|---|
| | | 13.09.2018 വരെ |
| | ശ്രീമതി രമ്യ കെ എസ് | 14.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ആശാമോൾ ടി സി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ ആർ. സിന്ധു | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ ധന്യ കെ വി | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അരുൺ ആർ | 01.04.2018 മുതൽ 23.04.2018 വരെ |
| | ശ്രീ ജയപ്രകാശ് | 24.04.2018 മുതൽ 15.05.2018 വരെ |
| | ശ്രീ അരുൺ ആർ | 16.05.2018 മുതൽ 15.11.2018 വരെ |
| | ശ്രീ നവീൻ എം ചന്ദ്രൻ | 15.11.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ വിജേഷ് കുമാർ പി | 01.04.2018മുതൽ 15.07.2018വരെ |
| | ശ്രീ.ബി ദിലീപ് | 16.07.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രീയൽ എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ജാസ്മിർ ബി | 01.04.2018മുതൽ 31.03.2019വരെ |
| പ്രോജക്ട് ഓഫീസർ ജെ.എച്ച്.ഐ.ഗ്രേഡ് 1 | ശ്രീ പ്രദീപ് കുമാർ | 01.04.2018മുതൽ 05.05.2018വരെ |
| | ശ്രീ വിജേഷ് കുമാർ പി | 06.05.2018മുതൽ 19.08.2018വരെ |
| | ശ്രീ നിസ്സാം എ | 20.08.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി അഞ്ജു കുര്യൻ | 01.04.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വസ്തു നികുതി-അപാകതകൾ | 1-12 |
| 13 | വസ്തു നികുതി പരിഷ്കരണം-അപാകതകൾ | 1-13 |
| 14 | വസ്തു നികുതി സേവന ഉപനികുതി -എല്ലാകെട്ടിടങ്ങൾക്കും ഈടാക്കുന്നില്ല. | 1-14 |
| 15 | അനധികൃത കെട്ടിടങ്ങൾക്കും മൊബൈൽ ടവറുകൾക്കും കൃത്യമായി നികുതി ഈടാക്കുന്നില്ല. | 1-15 |
| 16 | ലൈസൻസ് ഫീ പിരിവ് - അപാകതകൾ | 1-16 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 1-17 |
| 18 | മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 1-18 |
| 19 | വസ്തു നികുതി അടവു വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 20 | ഓണാഘോഷം 2018-ബാലൻസ് തുക നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് | 1-20 |
| 21 | വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 1-21 |
| 22 | എസ് എൽ ഐ പ്രീമിയം-കുറവ് ചെയ്യുന്നതിലെ അപാകതകൾ | 1-22 |
| 23 | സേവനപുസ്തകം പരിശോധന- അപാകതകൾ | 1-23 |
| 24 | വാർഷിക കണക്കിലെ അപാകതകൾ | 1-24 |
| 25 | ക്യഷ് ട്രാൻസാക്ഷൻ ചാർജ്ജ ഇനത്തിൽ ബാങ്ക് വലിയ തുക ഈടാക്കുന്നത് മൂലം തനതു വരുമാനത്തിന്റെ സാരമായ നഷ്ടം സംഭവിക്കുന്നു. | 1-25 |
| 26 | ബാങ്ക് ചെക്കുകൾ പണമാക്കി മാറ്റാത്തത് സംബന്ധിച്ച് | 1-26 |
| 27 | രശീതുകൾ പരിശോധനക്കായി ഹാജരാക്കിയില്ല | 1-27 |
| 28 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച നിരക്കിൽ അധികരിച്ച് നൽകിയ തുക 70000/-രൂപ നിരാകരിക്കുന്നു. | 1-28 |
| 29 | മാലിന്യ സംസ്കരണം രേഖകൾ ഹാജരാക്കിയില്ല - 1,29,89,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | തെരുവു വിളക്ക് പരിപാലനം | 1-30 |
| 31 | ബസ് സ്റ്റാന്റ് പിരിവ് ലേലം- നടപടികളിലെ അപാകതകൾ | 1-31 |
| 32 | മരാമത്ത് ബിൽ തുകയിൽ നിന്നും GST ഈടാക്കാത്തത് സംബന്ധിച്ച് | 1-32 |
| 33 | ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം - കെട്ടിടനിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-33 |
| 34 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല – 2,10,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 35 | വേസ്റ്റ് കളക്ഷൻ ചാർജ്ജ്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-35 |
| 36 | പഠനമുറി നിർമ്മാണം/ഭവന പുനരുദ്ധാരണം – ഇനം | 1-36 |

| | | |
|---|---|---|
| | തിരിച്ചുള്ള വാല്യുവേഷൻ രേഖകളില്ല | |
| 37 | മാലിന്യ സംസ്കരണം | 1-37 |
| 38 | പദ്ധതി രൂപീകരണ പ്രക്രിയകളിലെ അപാകതകൾ | 1-38 |
| 39 | OFC കേബിളുകൾ സ്ഥാപിക്കൽ- ROW(Right of way) പെർമിഷൻ ഫീസ് ഈടാക്കിയില്ല. | 1-39 |
| 40 | ഇൻഡ്യൻ ഓയിൽ അദാനി ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി- കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-40 |
| 41 | എൽഐസി പോളിസികളുടെ അധികതുക അടവ് സംബന്ധിച്ച് | 1-41 |
| 42 | അധികനിരക്ക് ക്വോട്ട് ചെയ്ത ഇനത്തിന് നെഗോസിയേഷനിലൂടെ അനുവദനീയ നിരക്ക് കണ്ടെത്തിയില്ല | 1-42 |
| 43 | അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല | 1-43 |
| 44 | കൂടുതലായി ചെയ്യുന്ന പ്രവൃത്തി അളവിന് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല-കരാറുകാർക്ക് അധികം തുക നല്കി | 1-44 |
| 45 | രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി- കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല- നിയമാനുസൃത പിഴ ഈടാക്കണം | 1-45 |
| 46 | മരുന്ന്,ഉപകരണം വാങ്ങൽ - പൂർണ്ണമായും ലഭ്യമായില്ല | 1-46 |
| 47 | എഫ് എ ആർ അധിക ഫീസ് ഈടാക്കൽ - അപാകതകൾ | 1-47 |
| | <u>ഭാഗം-2</u> | |
| | ഇല്ല | |
| | <u>ഭാഗം-3</u> | |
| 48 | എൽ.ഐ.സി. പോളിസികൾ – അധിക തുക അടച്ച | 3-1 |
| 49 | അധികനിരക്ക് ക്വോട്ട് ചെയ്ത ഇനത്തിന് നെഗോസിയേഷനിലൂടെ അനുവദനീയ നിരക്ക് കണ്ടെത്തിയില്ല | 3-2 |
| 50 | അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല | 3-3 |
| 51 | കൂടുതലായി ചെയ്യുന്ന പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല – കരാറുകാർക്ക് അധികം തുക നല്കി. | 3-4 |
| 52 | രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി- കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല- നിയമാനുസൃത പിഴ ഈടാക്കണം | 3-5 |
| 53 | മുട്ടക്കോഴി വളർത്തൽ - അധികമായി നൽകിയ 70000/-രൂപ നിരാകരിക്കുന്നു. | 3-6 |
| | <u>ഭാഗം-4</u> | |
| 54 | വാർഷിക കണക്കുകളിലെ അപാകതകൾ | 4-1 |
| 55 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 56 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 58 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 60 | ഓഡിറ്റ് റിക്കവറി | 4-7 |
| 61 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 62 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 65 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 66 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 67 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 68 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2019 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 20.07.2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 മുതൽ 23.07.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1367(2)/2019 തീയതി 08.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 201235750.81 |
| വരവ് | 509237472.00 |
| ആകെ | 710473222.81 |
| ചെലവ് | 464999183.00 |
| [illegible] | [illegible] |

| | |
|---|---|
| നീക്കിയിരിപ്പ് | 245474039.81 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 57302000 | 57302000 | 44345057 | - | 12956953 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30213000 | 30213000 | 24162491 | - | 6050509 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 27221000 | 27221000 | 25844883 | - | 1376117 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 14412000 | 14412000 | 7426316 | - | 6985684 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 77494179 | 77494179 | 57748073 | - | 19746106 |
| NULM | 1883641 | 1414185 | 3297826 | 3076092 | 221734 | |
| ശുചിത്വമിഷൻ | 36802 | 30188 | 66990 | 48549 | 18441 | |
| PMAY | 9945760 | 27337260 | 37283020 | 22721767 | 14561253 | |
| ദുരിതാശ്വാസ നിധി | 6352 | 30335 | 36687 | 0 | 36687 | - |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി(ഭരണ ചെലവുകൾ) | 415170 | 1896834 | 2312004 | 475097 | 1836907 | |
| ബി ഫണ്ട് | - | 75980260 | 75980260 | 75980260 | - | |
| തനത് ഫണ്ട് | 188478170 | 509237472 | 697715642 | 468916625 | 228799017.81 | |
| ക്യാഷ് | 469855 | 0 | 469855 | 469855 | 0 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 530 | 757305279 | 206 | 230299637 | 37 | 287 | 38.86 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 415170 | 1896834 | 2312004 | 475096 | 1836908 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 9806860.84 | 9806860.84 | 9806861 | |
| ആകെ | 415170 | 11703694.84 | 12118864.84 | 10281957 | 1836908 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36960 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 4324400 | 1459 |
| വിധവാപെൻഷൻ | 25061300 | 8075 |
| വാർദ്ധക്യകാലപെൻഷൻ | 39024200 | 12275 |
| വികലാംഗപെൻഷൻ | 6833000 | 2125 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | 610400 | 193 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11/03/2020 തീയതിയിൽ വൈകിട്ട് 3.10 ന് നഗരസഭ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,11,877 /-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1.നഗരസഭ വരവുകൾ- അപാകതകൾ

ക്യാഷ്ബുക്ക് സമ്മറിയും ബാങ്ക് ബുക്കിന്റെ പകർപ്പും ദിനം പ്രതി എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവ ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറിമാർ എല്ലാമാസവും 10ാം തീയതിക്ക് മുൻപ് സ്ഥാപനത്തിലെ രേഖകളുമായി ബാങ്ക് പത്രിക ഒത്തുനോക്കി അക്കൗണ്ട് വിവരം ശരിയാണ് എന്ന് ഉറപ്പുവരുത്തി റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിക്കണം. ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്,ക്യാഷ് ബുക്ക് സമ്മറി,ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ കൃത്യതയോടെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2.ദുരിതാശ്വാസനിധി പ്രവർത്തനം

നഗരസഭ ചെയർമാന്റെ പേരിലുള്ള ദുരിതാശ്വാസനിധിയുടെ പ്രവർത്തനം അപര്യാപ്തമാണ്. അക്കൗണ്ടിൽ മുന്നിരിപ്പ് 6352/-രൂപയും തൻവർഷ വരവ് കേവലം 30,000/-രൂപയും മാത്രമാണ് കാണുന്നത്. ചെലവ് ഒന്നും തന്നെയില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

3. 2017-18 മുതൽ നൽകിയ മുൻകുറുകൾ ഇനിയും ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്.

4.തെരുവു വിളക്കുകളുടെ ഇനവും, അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകളുടെ/സ്ഥലത്തിന്റെ വിവരവും ഉൾപ്പെടുത്തി 'തെരുവു വിളക്ക് രജിസ്റ്റർ' തയ്യാറാക്കേണ്ടതാണ്.

5. സ.ഉ(എം.എസ് )നം.33/2015/ത.സ്വ.ഭ.വ തീയതി 18-02015 പ്രകാരം നിലവിലുള്ള വാണിജ്യ, ഭവന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി, വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിയേക്കാൾ കുറവു വരുന്നു എങ്കിൽ പഴയ നികുതിയ്ക്ക് തുല്യമായ തുക പുതുക്കിയ വാർഷിക നികുതിയായി ഈടാക്കാവുന്നതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കുവാൻ നടപടിയെടുക്കേണ്ടതാണ്.

6. സെപ്റ്റംബർ 2015 മുതലുള്ള കാലയളവിൽ വിവിധ വരവ് ഇനങ്ങളിലായി ലഭിച്ച ലക്ഷക്കണക്കിന് രൂപയുടെ അനവധി ബാങ്ക് ചെക്കുകൾ (അക്കൌണ്ട് നമ്പർ 385402010001061,യൂണിയൻ ബാങ്ക്, കാക്കനാട് ശാഖ) നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല. നഗരസഭക്ക് ചെക്ക് മുഖേന ലഭിക്കുന്ന തുക നഗരസഭയുടെ അക്കൗണ്ടിൽ യഥാസമയം ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 2018-19 വർഷത്തിൽ യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയ്ക്ക് സ്വന്തമായുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുമില്ല. ഉറവിട മാലിന്യ സംസ്കരണത്തിനായി കേവലം 31 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകുക മാത്രമാണ് നഗരസഭ ഓഡിറ്റ് വർഷത്തിൽ ചെയ്തിരിക്കുന്നത്. മാലിന്യ സംസ്കരണത്തിന് സ്വന്തമായി പ്ലാന്റുകൾ നിർമ്മിച്ചും, അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി നല്കുന്നതിന് ജനങ്ങളെ ബോധവത്കരിച്ചും മാലിന്യ സംസ്കരണത്തിനായുള്ള ആവർത്തന ചെലവുകൾ പരമാവധി കുറയ്ക്കേണ്ടതാണ്. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതിന് വേണ്ടി ഒരു രജിസ്റ്റർ

പരിപാലിക്കേണ്ടതുമാണ്.

8. 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 530 പദ്ധതികളിൽ 287 എണ്ണം നടപ്പാക്കിയിട്ടില്ല. നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ മാത്രം ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.02.2016 മുതൽ 04.03.2016 | 2014-15, 2015-16 (Ist half) | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2020 മുതൽ 07.02.2020 വരെ | 2017-18 മുതൽ 2018-19 വരെ | ” |

# 1-12 വസ്തു നികുതി-അപാകതകൾ

(1) വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല. തൻവർഷ ഡിമാന്റായി കാണിച്ചിരിക്കുന്ന 53261968/-രൂപയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2018-19 വർഷം കുടിശ്ശിക ഇനത്തിൽ 12707043/-രൂപ മാത്രമാണ് ലഭിക്കാനുണ്ടായിരുന്നത് എങ്കിലും ഈ ഇനത്തിൽ 18631354/-രൂപ ലഭിച്ചു. ഇതിൽ നിന്നും കുടിശ്ശികയുടെ രേഖപ്പെടുത്തലുകളും കൃത്യമല്ല എന്ന് വ്യക്തമാകുന്നു. തൻവർഷ, കുടിശ്ശിക ഡിമാൻറുകൾ തിട്ടപ്പെടുത്തിയ ഫയൽ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

(2) തൻവർഷ ഡിമാന്റായ 53261968/ രൂപയും വരവായ 48342428/-രൂപയും തമ്മിലുള്ള വ്യത്യാസമായ 4919540/-രൂപ തൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 പ്രകാരം 2527318/-രൂപയാണ് തൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കൃത്യത ഉറപ്പാക്കേണ്ടതും പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്.

(3) വാർഷിക ധനകാര്യപത്രികയിൽ പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ 4063292/- രൂപ വരവായി ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഇത്തരത്തിൽ വരവായി ചേർക്കുന്ന വസ്തു നികുതിയുടെ വിശദാംശങ്ങൾ കെട്ടിട നമ്പർ അടക്കം തയ്യാറാക്കി പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

(4) തൻവർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ഉൾപ്പെടുത്തി ഡിമാന്റ് തുക വർദ്ധിപ്പിക്കുന്നതിനോ വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനോ നടപടികൾ സ്വീകരിക്കുന്നില്ല. സാംഖ്യാ അക്കൗണ്ടിൽ ജേർണൽ എൻട്രി നടത്തി ഡിമാന്റിൽ വരുന്ന ഇത്തരം മാറ്റങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) സഞ്ചയയിൽ ഇതുവരെ ചേർത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 2018-19 വർഷത്തെ തൻവർഷ ഡിമാന്റ് 48333021/-രൂപയാണ്. ഇത് ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റിനേക്കാൾ 4928947/-രൂപ കുറവാണ് എന്നത് പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ ധനകാര്യപത്രിക വസ്തു നികുതി വരവിന്റേയും കുടിശ്ശികയുടേയും കാര്യത്തിൽ കൃത്യമല്ല എന്നും ഇതിൽ ഗണ്യമായ വ്യത്യാസം ഉള്ളതായും വ്യക്തമാകുന്നു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി വരവും കുടിശ്ശികയും ശരിയായ അടിസ്ഥാനമില്ലാത്തതും കൃത്യത ഉറപ്പുവരുത്തിയിട്ടില്ലാത്തതുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വസ്തുനികുതി രേഖപ്പെടുത്തലുകളിൽ കൃത്യത വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതുമാണ്.

# 1-13 വസ്തു നികുതി പരിഷ്കരണം-അപാകതകൾ

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ ഇതു വരെ ഡിജിറ്റൽ സിഗ്നേച്ചർ വഴി അംഗീകരിച്ച വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

(1) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം നഗരസഭയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരവും അനുബന്ധ ഉത്തരവുകൾ പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള, വിവിധ ഉപയോഗക്രമത്തിൽ ഉള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി നിരക്കുകൾ നഗരസഭയിൽ നിശ്ചയിച്ച് പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കി വരുന്നു. സ.ഉ(സാധാ)നം 540/2019/ ത.സ്വ.ഭ.വ തീയതി 06-03-2019 പ്രകാരം വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള വിവരശേഖരണം, ഡാറ്റാ എൻട്രി വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും 2019 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദേശിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച നടപടികളും തൽസ്ഥിതിയും ആവശ്യപ്പെട്ടതു പ്രകാരം അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും 82% പൂർത്തിയായതായി അറിയിച്ചു. എത്രയും വേഗം ഇത് പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

2. സ.ഉ.(എം.എസ്)നം.33/2015/ത.സ്വ.ഭ.വ തീയതി 18-02-2015 പ്രകാരം നിലവിലുള്ള വാണിജ്യ, ഭവന കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന് അടിസ്ഥാനത്തിലുള്ള വസ്തു നികുതി,

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിയേക്കാൾ കുറവു വരുന്നു എങ്കിൽ പഴയ നികുതിയ്ക്ക് തുല്യമായ തുക പുതുക്കിയ വാർഷിക നികുതിയായി ഈടാക്കാവുന്നതാണ്. താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിയാണ് നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നം | വാർഡ് നം | കെട്ടിട നം | നിലവിലുണ്ടായിരുന്ന വാർഷിക നികുതി | പുതുക്കി നിശ്ചയിച്ച നികുതി |
|---|---|---|---|---|
| 1 | 1 | 32 | 1318 | 208 |
| 2 | 1 | 42 | 1529 | 1181 |
| 3 | 1 | 49 | 1242 | 114 |
| 4 | 1 | 212 | 1634 | 1534 |
| 5 | 1 | 213 | 2468 | 1394 |
| 6 | 1 | 262 | 3708 | 1302 |
| 7 | 1 | 266 | 2119 | 1406 |
| 8 | 2 | 33A | 5669 | 493 |
| 9 | 2 | 17 | 3909 | 2317 |
| 10 | 2 | 24 | 648 | 520 |

ഈ കെട്ടിടങ്ങളുടേതടക്കം ഇത്തരത്തിലുള്ള എല്ലാകെട്ടിടങ്ങളുടേയും പുതുക്കി നിശ്ചയിച്ച വസ്തുനികുതിയുടെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

(3) താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിയും തറവിസ്തീർണ്ണത്തിന് അടിസ്ഥാനത്തിലുള്ള വസ്തു നികുതിയും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | നിലവിലുണ്ടായിരുന്ന വാർഷിക നികുതി | തറവിസ്തീർണ്ണത്തിന് അടിസ്ഥാനത്തിലുള്ള വസ്തു നികുതി | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | 1 | 1 | 2592 | 27881 | 5184 |
| 2 | 1 | 12 | 49 | 2887.5 | 98 |
| 3 | 1 | 18 | 33 | 320 | 66 |
| 4 | 1 | 87 | 810 | 15323 | 1620 |
| 5 | 1 | 111 | 26 | 929 | 52 |
| 6 | 1 | 140 | 65 | 2321.5 | 130 |
| 7 | 1 | 194 | 324 | 11550 | 405 |
| 8 | 1 | 197 | 505 | 1300 | 632 |
| 9 | 2 | 1 | 30 | 12500 | 60 |
| 10 | 2 | 2 | 81 | 1855 | 162 |

| | | | | | |
|---|---|---|---|---|---|
| 11 | 2 | 11 | 81 | 2091 | 162 |

ഈ കെട്ടിടങ്ങളുടേതടക്കം ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതിയുടെ കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

(4) വസ്തുനികുതി റിവിഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഫോം 6-ൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, വസ്തുനികുതി നിശ്ചയിച്ച് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് സഞ്ചയയിലേക്ക് ഡാറ്റാ എൻട്രി നടത്തേണ്ടതെന്നതിനാൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(5) പഴയ കെട്ടിടങ്ങളുടെ ഡാറ്റ സഞ്ചയയിൽ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതു പ്രകാരം വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി രേഖപ്പെടുത്തിയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട വസ്തുനികുതി നിർണ്ണയ രജിസ്റ്ററുകൾ പരിശോധനയ്ക്കായി നൽകിയില്ല എന്നതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല. നിലവിലുണ്ടായിരുന്ന നികുതിയുടെ അടിസ്ഥാനത്തിൽ പരമാവധി വർദ്ധന നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ ഡാറ്റാ എൻട്രിയുടെ വെരിഫിക്കേഷൻ വളരെ പ്രാധാന്യമുള്ളതാണ്. ഡാറ്റാ എൻട്രി പരിശോധിച്ചതിൽ വളരെയധികം കെട്ടിടങ്ങളുടെ നിലവിലുണ്ടായിരുന്ന നികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയേക്കാൾ വളരെ കുറവായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ ഡാറ്റാ എൻട്രിയുടെ കൃത്യതയും കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തുകയോ, കൂട്ടിചേർക്കലുകൾ വരുത്തുകയോ ഉണ്ടായിട്ടുണ്ടോ എന്നതടക്കമുള്ള പരിശോധനയും നടത്തി അറിയിക്കേണ്ടതാണ്.

(6) മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി റിവിഷനുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ അത്യന്തം ശ്രദ്ധയോടുകൂടി ചെയ്യുന്നതിലും ഡാറ്റാ എൻട്രിയുടെ കൃത്യത ഉറപ്പുവരുത്തുന്നതിലും ഫയലുകൾ സൂക്ഷിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ സഞ്ചയ ഡാറ്റാ എൻട്രികളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ചതിന്റേയും കൃത്യത ഉറപ്പുവരുത്തുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വെരിഫിക്കേഷൻ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

# 1-14 വസ്തു നികുതി സേവന ഉപനികുതി -എല്ലാകെട്ടിടങ്ങൾക്കും ഈടാക്കുന്നില്ല.

21-02-2014 ലെ 3-ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയിലെ കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 10% സേവന ഉപനികുതി ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ഇതു പ്രകാരം നഗരസഭയിലെ എല്ലാകെട്ടിടങ്ങൾക്കും വസ്തു നികുതിയുടെ 10% സേവന ഉപനികുതിയായി ഈടാക്കേണ്ടതാണ്. 2018-19 വർഷം വസ്തുനികുതിയിനത്തിൽ ലഭിച്ച 66973782/- രൂപയുടെ 10% ആയ 6697378/-രൂപ ഈ ഇനത്തിൽ വരവുണ്ടാകേണ്ടതാണ് എങ്കിലും 2943939/- രൂപ മാത്രമാണ് സർചാർജ് ഇനത്തിൽ വരവായിട്ടുള്ളത്(4.39%). വസ്തുനികുതി ഈടാക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും സേവന

ഉപനികുതി ഈടാക്കുന്നില്ല എന്ന് ഇത് വ്യക്തമാക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ പഴയകെട്ടിടങ്ങൾക്ക് പഴയനിരക്കിലും പുതിയകെട്ടിടങ്ങൾക്ക് പുതിയനിരക്കിലും ഈടാക്കിയതിനാലാണ് വരവിൽ കുറവുണ്ടായത് എന്ന മറുപടിയാണ് 10.03.2020 ലെ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയത്. ഇത് അംഗീകരിക്കാനാകില്ല. വസ്തുനികുതിയിനത്തിലുള്ള എല്ലാ വരവിനും 10% സേവന ഉപനികുതിയായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇതുവരെ കുറവായി ഈടാക്കിയ തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 1-15 അനധികൃത കെട്ടിടങ്ങൾക്കും മൊബൈൽ ടവറുകൾക്കും കൃത്യമായി നികുതി ഈടാക്കുന്നില്ല.

(1) നഗരസഭയിൽ UA നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ അടച്ച വസ്തുനികുതി വിവരങ്ങൾ (ഡി.സി.ബി) അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. UA രജിസ്റ്റർ പ്രകാരം 295 കെട്ടിടങ്ങളും പുറമ്പോക്ക് കെട്ടിട രജിസ്റ്റർ 10.03.2020 ലെ 27-ാം നമ്പർ അന്വേഷണക്കുറിപ്പ് പ്രകാരം നഗരസഭ ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല. രജിസ്റ്ററിൽ ചേർത്ത ഭൂരിഭാഗം കെട്ടിടങ്ങൾക്കും വസ്തു നികുതി നിശ്ചയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

(2) മൊബൈൽ ടവറുകൾക്കായുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 2012 വരെ നഗരസഭയിൽ 23 ടവറുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. 2012 -ന് ശേഷം വസ്തു നികുതി നിർണ്ണയിച്ചതടക്കം എല്ലാ മൊബൈൽ ടവറുകളുടേയും വിവരങ്ങളും നികുതി അടച്ച വിവരങ്ങളും (ഡി.സി.ബി.) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കി ബി എസ് എൻ എൽ 10.03.2020 ലെ 27-ാം നമ്പർ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ മൊബൈൽ ടവറുകളടക്കം എല്ലാ മൊബൈൽ ടവറുകളുടേയും വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ (ഡിസിബി) അറിയിക്കേണ്ടതുമാണ്.

# 1-16 ലൈസൻസ് ഫീ പിരിവ് - അപാകതകൾ

ലൈസൻസ് ഫീ സംബന്ധിച്ച വാർഡ് തിരിച്ചുള്ള രജിസ്റ്ററുകൾ ഹാജരാക്കിയിരുന്നെങ്കിലും അവ അപൂർണ്ണമാണ്. ഭൂരിഭാഗം രജിസ്റ്ററുകളിലും സ്ഥാപനങ്ങളുടെ പേര്, ഡിമാന്റ് തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചിലതിൽ മാത്രം കളക്ഷൻ തുക, റസീറ്റ് നമ്പർ, തീയതി എന്നിവ കൂടി ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ചുരുക്കം രജിസ്റ്ററുകളിൽ മാത്രമാണ് സ്ഥാപനങ്ങളുടെ

പേര്, ഡിമാന്റ് തുക, കളക്ഷൻ തുക, റസീപ്റ്റ് നമ്പർ, തീയതി എന്നിങ്ങനെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളൂ. ഡി.സി.ബി. പത്രിക എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ മതിയായ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്.

# 1-17 തൊഴിൽ നികുതി - അപാകതകൾ

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ തൻവർഷവും തുടരുന്നതായി കാണുന്നു. എംപ്ലോയീസ്, ട്രേഡേഴ്സ് & ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിങ്ങനെ രണ്ടായി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. കളക്ഷൻ സംബന്ധിച്ച സാംഖ്യ പ്രകാരമുള്ള വരവുകൾ പലതും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നഗരസഭയെ സംബന്ധിച്ച് ഏറ്റവും അധികം തുക പിരിഞ്ഞുകിട്ടുന്ന വരവ് ഇനമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ തുകകൾ രേഖപ്പെടുത്തി വർഷാവസാനം ഡി.സി.ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-18 മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

2017-18 മുതൽ നൽകിയ മുൻകൂറുകളിൽ താഴെപ്പറയുന്നവ അഡ്ജസ്റ്റ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | മുൻകൂർ കൈപ്പറ്റിയ ആളിന്റെ പേര് / തസ്തിക | ചെക്ക്നം./ തീയതി | നൽകിയ തുക | ഉദ്ദേശ്യം |
|---|---|---|---|---|
| 1 | പ്രമോദ്, PWO | 254353 20.09.2017 | 13,000 | കസേര വാങ്ങൽ |
| 2 | വിജീഷ് , JH1 | 254447 01/11/17 | 10,000 | പ്രോജക്ട് ഉദ്ഘാടനം |
| 3 | നെൽസൺ, PWO | 254639/8.2.18 | 80,000 | -ടി- |
| 4 | ജോപ്പൻ ടി, സീനിയർ ക്ലാർക്ക് | 254639/8.2.18 | 2,500 | നെറ്റ് കണക്ഷൻ |
| 5 | പ്രമോദ് ടി ആർ, യുഡിസി | 254661/16.2.18 | 18,000 | ഊർജ്ജിത നികുതി പിരിവ്-ചെലവ് |
| 6 | വിജേഷ് കുമാർ | 254731/21.3.18 | 9,000 | സ്പീഡ് ഗവർണർ വാങ്ങൽ |
| 7. | -ടി- | 254534/14.`12.17 | 10000 | “ |
| 8 | നെൽസൺ, PWO | 254911/4.7.18 | 30000 | മോട്ടോർ റിപ്പയർ |
| 9 | പ്രമോദ് ടി ആർ, യുഡിസി | 254946/17.7.18 | 10000 | സ്റ്റേഷനറി വാങ്ങൽ |
| 10 | സിന്ധു വിജയൻ, UDC | 254950/18.7.18 | 25000 | ട്രോഫി വാങ്ങൽ |

| | | | | |
|---|---|---|---|---|
| 11 | വിജേഷ് കുമാർ, JHI | 302421/25.1.19 | 10000 | Republic day celebration |
| 12 | വിജേഷ് കുമാർ, JHI | 302422/25.1.19 | 25000 | ക്വിസ് മത്സരം |
| 13 | പ്രകാശ് കുമാർ വി, RI | 302751/14.6.19 | 3,00,000 | മെഡിക്കൽ ട്രീറ്റ്മെന്റ് |
| 14 | പ്രകാശ് കുമാർ വി, RI | 333489/22.8.19 | 49,000 | പ്രിന്റിംഗ് നോട്ടീസ് |
| 15 | P S ഷിബു, സെക്രട്ടറി | 302707/29.5.19 | 50,000 | ഡൽഹിയിൽ കോൺഫറൻസ് |
| 16 | സിനീഷ് O V, UDC | 333557/7.9.19 | 1,00,000 | ഓണം ഫെസ്റ്റ് 2019 |
| 17 | പ്രകാശ് കുമാർ വി, RI | 302444/2.2.19 | 30,000 | മൈക്ക് അനൗൺസ്മെന്റ് |
| 18 | രമണൻ ജി ഒ, ക്ലർക്ക് | 302487/27.2.19 | 50,000 | ഫ്രണ്ട് ഓഫീസ് ഉത്ഘാടനം |
| 19 | പ്രസാദ് സി, RI | 255159/27.10.18 | 92,200 | ഫ്ലക്സ്,ബാനർ നീക്കം ചെയ്യൽ |

(1) ജി.ഒ.(പി) നം.419/2011/ധനം. തീ. 04.10.2011 പ്രകാരം വർക്ക് മുൻകൂറുകൾ, താൽക്കാലിക മുൻകൂറുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്.

(2) അഡ്വാൻസ് രജിസ്റ്ററിൽ അഡ്ജസ്റ്റ്മെന്റ് വൗച്ചർ നമ്പർ, തീയതി, തുക എന്നീ വിവരങ്ങൾ കൂടി രേഖപ്പെടുത്തി ഓഡിറ്റിന്റെ പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

# 1-19 വസ്തു നികുതി അടവു വിവരങ്ങൾ ലഭ്യമാക്കിയില്ല.

1. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ലാത്തതിനാൽ വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കൃത്യമായി പരിശോധിക്കാനായിട്ടില്ല. ധനകാര്യപത്രിക പ്രകാരം തൻവർഷ കുടിശ്ശികയായി 2527318/-രൂപയും മുൻവർഷ കുടിശ്ശികയായി 18838/-രൂപയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി അടവ് വിവരങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | വാർഡ് നം | കെട്ടിട നം | വാർഷിക നികുതി |
|---|---|---|---|
| 1. | 1 | 6 | 10368 |
| 2 | 1 | 139 | 4647 |
| 3 | 1 | 265 | 19169 |
| 4 | 1 | 270 | 10223 |
| 5 | 1 | 294 | 15591 |
| 6 | 1 | 341 | 10037 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 7 | 1 | 577 | 38414 |
| 8 | 1 | 593 | 11591 |
| 9 | 1 | 1006 | 12883 |
| 10 | 2 | 341 | 5859 |
| 11 | 2 | 960 | 9244 |
| 12 | 5 | 27 | 65813 |
| 13 | 5 | 28 | 72900 |
| 14 | 5 | 31 | 37759 |
| 15 | 5 | 33 | 33975 |
| 16 | 5 | 350 | 81202 |
| 17 | 5 | 895 | 12600 |
| 18 | 5 | 1054 | 10372 |
| 19 | 5 | 1117 | 34339 |
| 20 | 5 | 1119 | 146876 |
| 21 | 5 | 1121 | 36573 |
| 22 | 6 | 246 | 11515 |
| 23 | 6 | 980 | 10320 |
| 24 | 6 | 981 | 10320 |
| 25 | 7 | 39 | 9900 |
| 26 | 7 | 50 | 16848 |
| 27 | 7 | 803 | 13555 |
| 28 | 8 | 142 | 19228 |
| 29 | 8 | 478 | 22356 |
| 30 | 8 | 989 | 32888 |
| 31 | 8 | 1950 | 13650 |
| 32 | 8 | 3002 | 50004 |
| 33 | 8 | 3003 | 26231 |
| 34 | 8 | 3004 | 14158 |
| 35 | 13 | 257 | 44520 |
| 36 | 20 | 342 | 53099 |
| 37 | 25 | 779 | 6413 |
| 38 | 25 | 834 | 11009 |
| 39 | 29 | 302 | 13935 |
| 40 | 29 | 389/4 | 40500 |
| 41 | 29 | 664 | 12122 |
| 42 | 29 | 795 | 10313 |
| 43 | 34 | 224 | 11835 |
| 44 | 34 | 301 | 17083 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 45 | 34 | 879 | 12600 |
| 46 | 43 | 395 | 43088 |
| 47 | 43 | 439 | 26250 |
| 48 | 43 | 1251 | 509506 |
| 49 | 43 | 1324 | 113684 |
| 50 | 43 | 1330 | 12673 |

ഈ കെട്ടിങ്ങളുടെ വസ്തു നികുതി അടവു വിവരങ്ങളും കടിശ്ശിക വിവരങ്ങളും അറിയിക്കേണ്ടതാണ്.

# 1-20 ഓണാഘോഷം 2018-ബാലൻസ് തുക നഗരസഭ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

തൃക്കാക്കര നഗരസഭ ഓണാഘോഷം 2018 നടത്തിപ്പിനായി ചെക്ക് നമ്പർ 254988/08.08.2018 പ്രകാരം 20,00,000/-രൂപ അക്കൗണ്ട് നം.385402010060184 ലേക്ക് കൈമാറിയിട്ടുണ്ട്.

ഓണാഘോഷം 2018 മായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയൽ (നം.H1-10948/18) , പാസ്സ് ബുക്ക് എന്നിവ പ്രകാരം ടി തുകയിൽ നിന്നും 3 ലക്ഷം രൂപ പ്രാരംഭ ചെലവുകൾക്കായി പിൻവലിക്കുകയും പരിപാടി നടത്താത്തതിനാൽ 12.09.2018ലെ രസീത് നം.01/118020121359 പ്രകാരം മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടക്കുകയുണ്ടായി. പലിശയുൾപ്പെടെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന 17,38,615/- രൂപ (07.04.2019വരെ) മുനിസിപ്പൽ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്.

# 1-21 വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തുക 46,000/-രൂപ തടസ്സപ്പെടുത്തുന്നു

വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

ഫയൽ നമ്പർ: E1-9173/17

തൃക്കാക്കര നഗരസഭ വാർഡ് നം. 15 ൽ വ്യാപാരഭവൻ ഓഡിറ്റോറിയത്തിന് സമീപം കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ വകുപ്പിന് താഴെപ്പറയും പ്രകാരം 46000/- രൂപ നൽകിയിട്ടുണ്ട് (വൗച്ചർ നം. 50-4/18 ചെക്ക് നം. 254786/19.04.2018 - 46000/-). എന്നാൽ ടി പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചും തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-22 എസ് എൽ ഐ പ്രീമിയം-കുറവ് ചെയ്യുന്നതിലെ അപാകതകൾ

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധനം പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന ശമ്പളം 17999 വരെ | 200 രൂപ |
| അടിസ്ഥാന ശമ്പളം 18000 മുതൽ 35699 വരെ | 300 രൂപ |
| അടിസ്ഥാന ശമ്പളം 35700 മുതൽ 55349 വരെ | 500 രൂപ |
| അടിസ്ഥാന ശമ്പളം 55350 മുകളിൽ | 600 രൂപ |

എന്നാൽ നഗരസഭയുടെ 02/2019 ലെ ശമ്പള ബില്ല് പ്രകാരം സാനിട്ടേഷൻ വർക്കേഴ്സ് ഉൾപ്പെടെ പല ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കാതിരിക്കുകയും ചില ജീവനക്കാരുടെ പ്രീമിയം തുക കുറവായി ഈടാക്കുകയും ചെയ്യുകാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | അടക്കുന്ന പ്രീമിയം | അടക്കേണ്ട പ്രീമിയം | കുറവ് |
|---|---|---|---|---|
| സുമയ്യ ബീവി,സൂപ്രണ്ട് | 37500 | Nil | 500 | 500 |
| യു പ്രകാശ്, ആർഐ | 34800 | nil | 300 | 300 |
| പ്രസാദ് സി, ആർഐ | 38500 | 150 | 500 | 350 |
| സുനിൽ സി എസ്, സീ ക്ലർക്ക് | 32300 | 100 | 300 | 200 |
| സി യു സിനീഷ് സീനിയർ ക്ലർക്ക് | 31500 | nil | 300 | 300 |
| പ്രജി എ രാജു, യുഡി ടൈപ്പിസ്റ്റ് | 27800 | nil | 300 | 300 |
| സിൻസി എ, സീനിയർ ക്ലർക്ക് | 26500 | 175 | 300 | 125 |
| മൻജുള സി, സീനിയർ ക്ലർക്ക് | 25200 | nil | 300 | 300 |
| ശ്രീജ കെ. എ., ലൈബ്രേറിയൻ | 22800 | nil | 300 | 300 |
| സജയൻ സി പി, ക്ലർക്ക് | 26500 | nil | 300 | 300 |
| സൗമ്യ സോമൻ, ക്ലർക്ക് | 22200 | nil | 300 | 300 |
| അഖിൽ ഇ എസ്, ക്ലർക്ക് | 19500 | nil | 300 | 300 |
| ലിജിമോൾ ഏ ജെ, ക്ലർക്ക് | 19500 | nil | 300 | 300 |
| സൂര്യ ടി പി, ക്ലർക്ക് | 19500 | nil | 300 | 300 |
| സരിത കെ നായർ, ക്ലർക്ക് | 19000 | nil | 300 | 300 |
| കെ കെ ശശി, | 25200 | 150 | 300 | 150 |

| | | | | |
|---|---|---|---|---|
| ഓഫീസ് അസിസ്റ്റന്റ് | | | | |
| പയസ് പി ജെ,<br>ഓഫീസ് അസിസ്റ്റന്റ് | 20550 | nil | 300 | 300 |
| ദിലീപ് ബി,<br>എച്ച്.ഐ. | 42500 | nil | 500 | 500 |
| നിസ്സാം എ,<br>ജെ എച്ച് ഐ | 30700 | nil | 300 | 300 |
| വിജേഷ് കുമാർ,<br>ജെ.എച്ച്.ഐ | 27800 | 250 | 300 | 50 |

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിൽ അടവാക്കുവാൻ നടപടിയെടുക്കേണ്ടതാണ്.

# 1-23 സേവനപുസ്തകം പരിശോധന-അപാകതകൾ

ശ്രീ സിനീഷ് ഒ യു (സീനിയർ ക്ലർക്ക്) ന്റെ സേവനപുസ്തകം പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. ടി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(1) ഹാജർ പുസ്തകപ്രകാരമുള്ള 16.09.19 മുതൽ 15.10.19 വരെയും, 25.11.19 മുതൽ 16.12.19 വരെയും, 23.12.19 മുതലുള്ളതുമായ LWA സേവനപുസ്തകത്തിൽ ചേർത്ത് Earned leave calculationൽ കുറവ് ചെയ്തിട്ടില്ല.

(2) 26.08.18, 27.08.18, 31.08.18,01.09.19 എന്നീ ദിവസങ്ങളിലെ Earned leave അക്കൗണ്ടിൽ കുറവ് ചെയ്തിട്ടില്ല.

(3) രണ്ട് ലീവുകൾക്കിടയിൽ (കാഷ്വൽ ലീവ് ഒഴികെ) വരുന്ന അവധിദിനങ്ങൾ ലീവ് ആയി കണക്കാക്കി ലീവ് അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

# 1-24 വാർഷികകണക്കുകളിലെ അപാകതകൾ

31.03.2019 ൽ ഫ്രണ്ട് ഓഫീസ് കൗണ്ടർ വഴി കളക്ഷൻ 5,36,749/- രൂപ കളക്ഷൻ (അഞ്ചു ലക്ഷത്തി മുപ്പത്തി ആറായിരത്തി എഴുന്നൂറ്റി നാല്പത്തി ഒമ്പത്) ലഭിച്ചിട്ടുള്ളതായി അന്നേ ദിവസത്തെ ഡേ ബുക്ക് പ്രകാരം മനസ്സിലാകുന്നു. ആയതു് മുൻസിപ്പാലിറ്റിയുടെ തനത് വരുമാനം നിക്ഷേപിക്കുന്ന 385402010001061-ാം നമ്പർ (യൂണിയൻ ബാങ്ക് കാക്കനാട് ശാഖ) അക്കൗണ്ടിൽ നിക്ഷേപിച്ചത് 02.04.2019 ൽ ആണെന്നു ടി അക്കൗണ്ടിന്റെ പാസ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ മുനിസിപ്പാലിറ്റിയുടെ 2018-19 ലെ വാർഷിക ധനകാര്യ പത്രികയിലെ ആർപി (40ബി)ലെ വിവരങ്ങൾ പ്രകാരം മേൽപറഞ്ഞ 31.03.2019 ലെ കയ്യിരിപ്പ് പണം പൂജ്യം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അക്കൗണ്ട് വിവരങ്ങളിലെ മേൽ സൂചിപ്പിച്ച വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 12.03.2020 ൽ നൽകിയ ഓഡിറ്റ്

എൻക്വയറി നമ്പർ 41 ന് മറുപടി ലഭിച്ചില്ല. AUEGS അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

# 1-25 ക്യഷ് ട്രാൻസാക്ഷൻ ചാർജ്ജു ഇനത്തിൽ ബാങ്ക് വലിയ തുക ഈടാക്കുന്നത് മൂലം തനതു വരുമാനത്തിനു സാരമായ നഷ്ടം സംഭവിക്കുന്നു.

തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് വിവിധ ഇനങ്ങളിലായി ഫ്രണ്ട് ഓഫീസ് കൗണ്ടർ കളക്ഷൻ വഴി ലഭിക്കുന്ന വരവ് തുകയുൾപ്പെടെ യൂണിയൻ ബാങ്കിന്റെ കാക്കനാട് ശാഖയിലുള്ള 385402010001061 നമ്പർ തനത് ഫണ്ട് (സേവിങ്ങ്സ് അക്കൗണ്ട്)ലാണ് നിലവിൽ നിക്ഷേപിച്ച് വരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ടി ബാങ്ക് 66515/-രൂപ (അറുപത്തി ആറായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ ). ടി അക്കൗണ്ടിൽ നിന്നും വിവിധ തീയതികളിലായി “cash transaction charges” എന്ന പേരിൽ ഡെപ്പോസിറ്റ് ചെയ്യപ്പെടുന്ന എല്ലാ തുകകളിൽ നിന്നും പിടിക്കുകയും അക്കൗണ്ടിൽ തുക ഡെബിറ്റ് ചെയ്യുന്നതായും കാണുന്നു. മേൽ വിഷയം യൂണിയൻ ബാങ്ക് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനു നടപടികൾ സ്വീകരിക്കുകയും ആവശ്യമായ വിശദീകരണം നല്കുകയും ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് 12.03.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ബാങ്ക് ചെക്കുകൾ പണമാക്കി മാറ്റാത്തത് സംബന്ധിച്ച്

തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ സെപ്റ്റംബർ 2015 മുതൽ മാർച്ച് 2019 വരെയുള്ള കാലയളവിൽ വിവിധ വരവ് ഇനങ്ങളിലായി ലഭിച്ച 52,21,291/-(അമ്പത്തി രണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന്) രൂപയുടെ ബാങ്ക് ചെക്കുകൾ മുനിസിപ്പാലിറ്റിയുടെ തനതുഫണ്ട് അക്കൗണ്ടിൽ (അക്കൌണ്ട് നമ്പർ 385402010001061,യൂണിയൻ ബാങ്ക്, കാക്കനാട് ശാഖ) നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ലാത്തതായി സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം മനസ്സിലാകുന്നു. നഗരസഭക്ക് ചെക്ക് മുഖേന ലഭിക്കുന്ന തുക നഗരസഭയുടെ അക്കൗണ്ടിൽ യഥാസമയം ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 12.03.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24 ന മറുപടി ലഭിച്ചിട്ടില്ല. ഇത്രയധികം തുകയുടെ ചെക്കുകൾ അൺ ക്യാഷ്ഡ് ആയി സൂക്ഷിക്കുന്നത് മുനിസിപ്പാലിറ്റിയുടെ തനത് വരുമാനത്തിന് കനത്ത നഷ്ടം സൃഷ്ടിക്കുന്നു. ടി ചെക്കുകൾ റീവാലിഡേറ്റ് ചെയ്തോ ഉപഭോക്താക്കളിൽ നിന്നും പുതിയ ചെക്കുകൾ വാങ്ങിയോ കുടിശ്ശിക തുകകൾ വരുമാനമാക്കി മാറ്റേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 രശീതുകൾ പരിശോധനക്കായി ഹാജരാക്കിയില്ല

1) ഫ്രണ്ട് ഓഫീസ് മുഖേന പണം സ്വീകരിക്കുമ്പോൾ നൽകുന്ന രശീതുകളുടെ കൗണ്ടർ ഫോയിലുകൾ സാംഖ്യ നമ്പർ ക്രമത്തിൽ പ്രതിദിനാടിസ്ഥാനത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നതായി കാണുന്നില്ല. ചുവടെ ചേർക്കുന്ന ദിവസങ്ങളിലെ സാംഖ്യ രശീതുകൾ ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കിയില്ല.

| |
|---|
| 02-04-2018 |
| 03-04-2018 |
| 04-04-2018 |
| 05-04-2018 |
| 06-04-2018 |
| 07-04-2018 |
| 09-04-2018 |
| 10-04-2018 |
| 11-04-2018 |
| 16-04-2018 |
| 12-05-2018 |
| 01-01-2019 |

2) സാംഖ്യ രശീത് നമ്പർ 118020104212 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കൗണ്ടർ ഫോയിൽ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപഭോക്താവിനു നൽകുന്ന രസീതിന്റെ മറുപകുതി കൗണ്ടർ ഫോയിലിന്റെ കൂടെ ക്യാൻസൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. ആയതു പരിശോധനക്കായി ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് 10.03.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23 നു മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച നിരക്കിൽ അധികരിച്ച് നൽകിയ തുക 70000/-രൂപ നിരാകരിക്കുന്നു.

"മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ" എന്ന പ്രൊജക്റ്റിൽ കൂട്, കോഴിത്തീറ്റ, സപ്ലിമെന്റ് മെഡിസിൻ എന്നിവക്കായി 70000/- രൂപ അധികം ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-6ൽ ചേർത്തിരിക്കുന്നു.

# 1-29 മാലിന്യ സംസ്ക്കരണം രേഖകൾ

# ഹാജരാക്കിയില്ല - 1,29,89,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഖരമാലിന്യ സംസ്കരണ പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ 97/2019) താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് എൻക്വയറി (നമ്പർ –28, തീയതി.10.03.2020) മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ചെലവിനം | തുക | ബിൽ നമ്പരും തീയതിയും | തുക കൈപ്പറ്റിയ സ്ഥാപനം | ഹാജരാക്കാതിരുന്ന രേഖകൾ |
|---|---|---|---|---|
| 2018 ഏപ്രിൽ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 818628 | 2/29.06.18 | ഇക്കോ ഗ്രീൻ കേരള | രണ്ട് ശതമാനം ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ ശരിയായ ഇൻവോയ്സ്. |
| 2018 മെയ് മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 741175 | 3/11.07.18 | ഇക്കോഗ്രീൻ കേരള | രണ്ട് ശതമാനം ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ ശരിയായ ഇൻവോയ്സ്. |
| 2018 ജൂൺ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 747673 | 5/25.07.18 | ഇക്കോഗ്രീൻ കേരള | രണ്ട് ശതമാനം ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ ശരിയായ ഇൻവോയ്സ്. |
| 2018 ജൂലൈ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 755607 | 6/31.08.18 | ഇക്കോഗ്രീൻ കേരള | രണ്ട് ശതമാനം ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ, അജൈവ മാലിന്യം വേർതിരിച്ചത് നിർമ്മാജ്ജനം ചെയ്യാൻ കൊണ്ടുപോയതിന്റെ ചെലവു രേഖകൾ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ ശരിയായ ഇൻവോയ്സ്. |
| 2018 ആഗസ്റ്റ് മാസത്തിലെ | 694197 | 9/11.12.18 | ഇക്കോഗ്രീൻ കേരള | “ |

| | | | | |
|---|---|---|---|---|
| അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | | | | |
| 2018 സെപ്റ്റംബർ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 744337 | 10/18.11.18 | ഇക്കോഗ്രീൻ കേരള | " |
| 2018 ഒക്ടോബർ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 757792 | 13/31.12.18 | ഇക്കോഗ്രീൻ കേരള | " |
| 2018 നവംബർ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 763542 | 14/31.12.18 | ഇക്കോഗ്രീൻ കേരള | " |
| 2018 ഡിസംബർ മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 811957 | 24/15.03.19 | ഇക്കോഗ്രീൻ കേരള | " |
| 2019 ജനുവരി മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 652625 | 26/27.03.19 | ഇക്കോഗ്രീൻ കേരള | അജൈവ മാലിന്യം വേർതിരിച്ചത് നിർമ്മാജ്ജനം ചെയ്യാൻ കൊണ്ടുപോയതിന്റെ ചെലവു രേഖകൾ. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ ശരിയായ ഇൻവോയ്സ്. |
| 2019 ഫെബ്രുവരി മാസത്തിലെ അജൈവ മാലിന്യം | 755550 | 21/27.03.2019 | ഇക്കോഗ്രീൻ കേരള | " |

| | | | | |
|---|---|---|---|---|
| വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | | | | |
| 2019 മാർച്ച് മാസത്തിലെ അജൈവ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യുന്നതിന്റെ ചാർജ്ജ്. | 358455 | 27/27.03.19 | ഇക്കോഗ്രീൻ കേരള | “ |
| 2018 മാർച്ച് മുതൽ 2018 നവംബർ മാസം വരെ ജൈവ മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിച്ചതിന്റെ ചെലവ്. | 4387712 | 22/29.03.19 | കൊച്ചി നഗരസഭ | കൊച്ചി നഗരസഭ തുക കൈപ്പറ്റിയതിന്റെ സാംഖ്യാ രസീത്. |
| ആകെ ചെലവ് | 1,29,89,250 | | | |

എക്കോ ഗ്രീൻ കേരള എന്ന സ്ഥാപനത്തിന് മുകളിൽ കാണിച്ചിരിക്കുന്ന പ്രകാരം നൽകിയ 6834908/-രൂപയ്ക്ക് ആദായ നികുതി സെക്ഷൻ 194 സി പ്രകാരം റ്റി.ഡി.എസ്. ആയി സ്ഥാപനങ്ങൾക്ക് നല്കുന്ന ബില്ലിൽ പിടിക്കേണ്ടിയിരുന്ന 2% ആദായനികുതി 1,36,698/-രൂപ പിടിച്ചിട്ടില്ല. പ്രസ്തുത നികുതി തുക ഇക്കോഗ്രീൻ കേരള എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തുക കൈപ്പറ്റിയതിന് എക്കോഗ്രീൻ ലഭ്യമാക്കേണ്ട ശരിയായ ഇൻവോയ്സുകൾ, 2018 ജൂലൈ മുതൽ 2019 മാർച്ച് വരെയുള്ള മാസങ്ങളിലെ അജൈവ മാലിന്യം വേർതിരിച്ചത് നിർമ്മാജ്ജനം ചെയ്യാൻ കൊണ്ടുപോയതിന്റെ ചെലവു രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ, ഈ പ്രോജക്ടിൽപ്പെടുത്തി ടിപ്പിംഗ് ചാർജ്ജ് ഇനത്തിൽ കൊച്ചി നഗരസഭയ്ക്ക് നല്കിയ 4387712/-രൂപയ്ക്ക് കൊച്ചി നഗരസഭ നൽകേണ്ട സാംഖ്യ രസീത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. മേൽപ്പറഞ്ഞിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ പ്രോജക്ടിനായി ചെലവഴിച്ച 1,29,89,250/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-30 തെരുവു വിളക്ക് പരിപാലനം

തെരുവു വിളക്ക് പരിപാലനം നടത്തുന്നതിന് നഗരസഭ നടത്തിയ ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.വി.എം.അരുൺകുമാറിന് 07.07.2017 മുതൽ 06.07.2018 വരെയുള്ള കാലയളവിലേക്ക് താഴെപ്പറയും പ്രകാരമുള്ള നിരക്കിൽ തുക നല്കുന്നതിന് കരാർവെച്ചിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | കരാർ തുക |
|---|---|---|---|
| ഡബിൾ ട്യൂബ് ലൈറ്റ് | 7200 | 348.96 | 2512512 |
| സി.എഫ്.എൽ | 2500 | 368.96 | 922400 |
| സോഡിയം വേപ്പർ ലാംമ്പ് | 2300 | 748.93 | 1722539 |
| **ആകെ കരാർതുക** | **12000** | | **5157451** |

2017 ജൂലൈ മുതൽ 2019 ജനുവരി വരെയുള്ള കാലയളവിലെ തെരുവുവിളക്ക് പരിപാലനത്തിന് താഴെപ്പറയും പ്രകാരം കാരാറുകാരന് തുക നല്കിയിട്ടുമുണ്ട്.

| കാലയളവ് | നല്കിയ തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|
| 2017 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | 422784 | 254459 / 03.11.2017 |
| 2017 ഒക്ടോബർ, നവംബർ, ഡിസംബർ | 908812 | 254605 / 23.01.2018 |
| 2018 ജനുവരി, ഫെബ്രുവരി, മാർച്ച് | 2456860 | 254810 / 05.05.2018 |
| 2018 ഏപ്രിൽ, മെയ്,ജൂൺ | 1000503 | 254990 / 17.08.2018 |
| 2018 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | 1220470 | 255205 / 14.11.2018 |
| 2018 ഒക്ടോബർ, നവംബർ | 813302 | 302562 / 19.03.2019 |
| 2018 ഡിസംബർ, 2019 ജനുവരി | 406651 | 302714 / 29.05.2019 |
| കരാറിൽ പറഞ്ഞിരുന്ന ബൾബു കളുടെ എണ്ണത്തേക്കാൾ അധികമായി നന്നാക്കിയ ബൾബുകൾക്ക് നല്കിയ തുക | 363034 | 333437 / 08.08.2019 |
| ആകെ | 7592416 | |

മേൽപ്പറഞ്ഞിരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ പരിശോധനയിൽ കാണുകയുണ്ടായി.

1.നഗരസഭ നന്നാക്കേണ്ടതായി ടെണ്ടറിൽ പറഞ്ഞിരുന്ന ബൾബുകളുടെ ആകെ എണ്ണം 12000 ആണ്. എന്നാൽ അതിനേക്കാൾ അധികമായി നന്നാക്കിയ ബൾബുകൾക്കുള്ള പരിപാലന ചെലവായി 6,21,049 രൂപ നല്കണമെന്ന് കരാറുകാരൻ 26.09.2018 ന് അപേക്ഷ നല്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 363034/-രൂപ 08.08.2019 ന് കരാറുകാരന് നല്കിയിട്ടുമുണ്ട്. തെരുവു വിളക്കുകളുടെ ഇനവും, അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകളുടെ/സ്ഥലത്തിന്റെ വിവരവും ഉൾപ്പെടുത്തി തയ്യാറാക്കിയ 'തെരുവു വിളക്ക് രജിസ്റ്റർ' നഗരസഭ പരിപാലിക്കുന്നില്ല . നഗരസഭാ പരിധിയിൽ നിലവിലുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരം നഗരസഭയ്ക്ക് ഇല്ലാത്തതിനാലാണ് ഇപ്രകാരം അധികം വിളക്കുകൾ നന്നാക്കിയെന്ന അപേക്ഷയിന്മേൽ തുക നല്കേണ്ടിവന്നതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

2. ഓഡിറ്റിന് ഹാജരാക്കിയ പരാതി രജിസ്റ്റർ 20.08.2019 മുതലുള്ളതാണ്. ഓഡിറ്റ് കാലയളവിൽ പരാതി രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. 20.08.2019 മുതൽ പരിപാലിച്ചുവരുന്ന പരാതി രജിസ്റ്ററിലെ പല പരാതികളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തലില്ല. ചില പരാതികളുടെ നേർക്ക് കരാറുകാരന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ അപാകത പരിഹരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പരാതിയും അതിന്മേലുള്ള തുടർനടപടികളും രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങളോടുകൂടിയ ഒരു പരാതി രജിസ്റ്റർ ഉപയോഗിക്കേണ്ടതും, കരാറുകാരൻ പരാതി രജിസ്റ്റർ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ആ വിവരം പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3. 06.07.2018 ന് കരാർ കാലാവധി കഴിഞ്ഞെങ്കിലും 2019 ജനുവരി വരെ പ്രസ്തുത കരാറുകാരന് ഈ പ്രവൃത്തിയ്ക്ക് തുക നല്കിയിട്ടുണ്ട്. ഇതിനുള്ള കാരണം വിശദീകരിക്കപ്പെട്ടില്ല.

4. 9-ാം ഡിവിഷനിലെ തെരുവുവിളക്കുകൾ തെളിയുന്നില്ലെന്ന് കാണിച്ച് ശ്രീ. ആർ. സുരേഷ് എന്ന വ്യക്തിയും, 29-ാം ഡിവിഷനിലെ ലൈറ്റുകൾ കത്തുന്നില്ലെന്ന കൗൺസിലർ ശ്രീ.എം.എം.ഷിഹാബിന്റെ പരാതിയും ചർച്ചചെയ്ത് 17.01.2019 ൽ മരാമത്ത്കാര്യ സ്ഥിരം സമിതി 4-ാം നമ്പരായി എടുത്ത തീരുമാനം താഴെപ്പറയും പ്രകാരമാണ്. 'പല വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ലാത്തതിനാൽ കരാറുകാരനെ നേരിട്ട് വിളിപ്പിക്കുന്നതിനും മോണിറ്ററിംഗ് സമിതി പരിശോധിക്കുന്നതിനും തീരുമാനിച്ചു.' ഈ തീരുമാനം അനുസരിച്ച് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.കരാറുകാരനു വേണ്ടി തെരുവുവിളക്കുകൾ നന്നാക്കുന്നതിന് ഇലക്ട്രിക്ക് പോസ്റ്റിൽ കയറുന്ന തൊഴിലാളികൾക്ക് അപായ ഇൻഷ്വറൻസ് നിലവിലുണ്ടായിരുന്നതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

മുകളിൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 20 തീയതി. 09.03.2020) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം നല്കുന്നതുവരെയും കൃത്യമായ തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെയും 2018-19 കാലയളവില് കരാറുകാരന് നല്കിയ 54,91,135/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-31 ബസ് സ്റ്റാന്റ് പിരിവ് ലേലം- നടപടികളിലെ അപാകതകൾ

നഗരസഭ വക ബസ് സ്റ്റാന്റ് പിരിവ് നടത്തുന്നതിനുള്ള 2018-19 വർഷത്തെ ലേലം 15.02.2018 ൽ നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. തുടർന്ന് 14.03.2018 ൽ പുനർലേലം നടത്തുകയും, ലേലത്തുകയേക്കാൾ ഉയർന്ന തുകയായി 3,22,000/-രൂപ ക്വട്ടേഷനിൽ ലഭിച്ചതിനാൽ അത് സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഉയർന്ന തുക ക്വോട്ട് ചെയ്ത പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ തുകയൊന്നും അടക്കാതെ പിന്നീട് പിൻമാറി. തുടർന്ന് ഇവരുടെ നഷ്ടോത്തരവാദിത്തത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. കൗൺസിലിന്റെ അനുമതി ലഭിക്കുമെന്ന പ്രതീക്ഷയിൽ ഓഫർ ക്ഷണിക്കുവാൻ തീരുമാനിക്കുകയും, ലഭിച്ച ഏക ക്വട്ടേഷൻ പ്രകാരം എറണാകുളം ടോൾ വർക്കേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ,2,81,770/-രൂപയുടെ ഓഫർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഇവരുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. 2018-19 AFS പ്രകാരം ഈയിനത്തിലെ വരവ് 1,88,070/- രൂപയാണ്. ലേലനിബന്ധനയനുസരിച്ച് സെപ്റ്റംബർ 2018 നകം മുഴവൻ തുകയും അടവാക്കേണ്ടതാണ്. കരാർ വയ്ക്കാത്തതിനും, ലേലത്തുക മുഴവൻ ഈടാക്കാത്തതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/07.03.2020) ലേലത്തുക മുഴുവനും താഴെ പറയും പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

| രസീത് നമ്പർ, തീയതി | അടവാക്കിയ തുക |
|---|---|
| 117020561867/31.03.2018 | 93,700 |
| [illegible] | [illegible] |

| | |
|---|---|
| 118020500105/31.05.2018 | 62,467 |
| 118020500861/26.09.2018 | 1,25,603 |
| **ആകെ** | **2,81,770** |

നഗരസഭയിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതി അവലംബിക്കുന്നതിനാൽ 31.03.2018 ൽ ലഭിച്ച തുക അടുത്ത വർഷത്തേക്കുള്ള അഡ്വാൻസായി രേഖപ്പെടുത്തേണ്ടതായിരുന്നു. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ബസ് സ്റ്റാന്റ് ഫീസിനത്തിലെ 2018-19 ലെ വരുമാനം 2,81,770/- രൂപയായും രേഖപ്പെടുത്തേണ്ടതായിരുന്നു. ഇപ്രകാരം അക്കൗണ്ട് ചെയ്യാത്തതിനാൽ തൻവർഷം ലഭിച്ച തുക മാത്രം വരുമാനമായി കണക്കിലെടുക്കേണ്ടിവന്നു. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാനും കഴിയില്ല. ഭാവിയിൽ ഈ അപാകത ആവർത്തിക്കാതിരിക്കാതിരിക്കേണ്ടതും ലേല വരവിനത്തിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലേലക്കാരനുമായി യഥാവിധി കരാറിലേർപ്പെടേണ്ടതുമാണ്. ആദ്യം ഉയർന്ന തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ ലേലനടപടികൾ പൂർത്തായാക്കാൻ തീരുമാനിച്ചെങ്കിലും, ആ സ്ഥാപനം അടവാക്കിയ നിരതദ്രവ്യം കണ്ടുകെട്ടിയതായി കാണുന്നില്ല. ഇക്കാര്യവും പരിശോധിക്കേണ്ടതാണ്.

# 1-32 മരാമത്ത് ബിൽ തുകയിൽ നിന്നും GST ഈടാക്കാത്തത് സംബന്ധിച്ച്

താഴെപ്പറയുന്ന മരാമത്ത് വർക്കുകളുടെ ബിൽ തുകയിൽ നിന്നും GST (CGST 1%+ SGST1%) ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

(1) <u>ഡ്രെയിൻ, കവർ സ്ലാബ് നിർമ്മാണം-ക്രാഷ് റോഡ്&ബൈലൈർ വാർഡ് 13</u>

പ്രോജക്ട് നം. 471/18

വൗച്ചർ നം. - 83/10

കരാറുകാരൻ – ഇ വി മുഹമ്മദ്

കരാറുകാരന് നൽകിയ തുക- 955773/-

ചെക്ക് നം. - 255176/31.10.18

ചെയ്ത ജോലിയുടെ മൂല്യം - 975279/-

CGST 1%+ SGST1% = 19,506/- രൂപ കുറച്ചിട്ടില്ല. ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടക്കേണ്ടതാണ്.

(2.) <u>അങ്കണവാടി (നം.31)കെട്ടിടനവീകരണം</u>

വൗച്ചർ നം. - 77/10

കരാറുകാരൻ – കെ എ മീതിയൻ

കരാറുകാരന് നൽകിയ തുക- 619451/-രൂപ

ചെക്ക് നം. - 255170/29.10.18

ചെയ്ത ജോലിയുടെ മൂല്യം - 632093/-

ഈടാക്കേണ്ട 2% GST(CGST 1%+ SGST1%) തുക – 12,642/- ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതാണ്.

(3) റീടാറിംഗ് കുസുമഗിരി കപ്പേള റോഡ് etc വാർഡ് 9

വൗച്ചർ നം. -60/11

കരാറുകാരൻ – ബക്കർ ഇ.സി.

കരാറുകാരന് നൽകിയ തുക- 543860/-രൂപ

ചെക്ക് നം. - 255222/21.11.18

ചെയ്ത ജോലിയുടെ മൂല്യം - 554960/-(CC IInd&final bill)

ഈടാക്കേണ്ട 2% GST(CGST 1%+ SGST1%) തുക –11,100/- രൂപ.

ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതാണ്.

# 1-33 ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം - കെട്ടിടനിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

അയ്യങ്കാളി തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഭൗതികസാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ തൃക്കാക്കര നഗരസഭ 2016-17 ൽ ആരംഭിച്ച് 2017-18, 2018-19 വർഷങ്ങളിലായി കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ പ്രോജക്ടുകളാണ് ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം – കെട്ടിടനിർമ്മാണം (2016-17), ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം - കെട്ടിടനിർമ്മാണം(2017-18) എന്നിവ. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

I.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം - കെട്ടിടനിർമ്മാണം |
| പ്രോ.നമ്പർ | എസ് 281/17, (ഫയൽ നം.E1-16006/16) |
| അടങ്കൽ തുക | 40,00,000/- ( വികസനഫണ്ട് -SCP) |
| കരാർ തുക (PAC) | 26,87,705/- |
| കോൺട്രാക്ടറുടെ പേര് | കെ.ഐ. കുഞ്ഞുമുഹമ്മദ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 323/16-17 Dtd. 27.03.2017 |
| അളവ് പുസ്തകനമ്പർ | 394/17-18, 426/16-17 |
| ആകെ ചെലവ് | 14,56,816/- ('ട്രഷറി ബിൽ നം. 62/ 17-18 26.08.2017)<br>12,30,188/- ('ട്രഷറി ബിൽ നം. 100/ 17-18 17.11.2017)<br>26,87,004/- |

2016-17 ൽ ആരംഭിച്ച ഈ പ്രവൃത്തിക്കുവേണ്ടി 20.07.2017ൽ നടന്ന ടെൻഡറിൽ 6 കരാറുകാർ പങ്കെടുക്കുകയും, അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കെ.ഐ. കുഞ്ഞുമുഹമ്മദ് എന്ന കരാറുകാരൻ 27.03.2017ൽ നഗരസഭയുമായി കരാർ വെക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഈ പ്രവൃത്തിക്കുവേണ്ടി താഴെപ്പറയും പ്രകാരം കരാറുകാരന് തുക നല്കിയിട്ടുണ്ട്.

| | Ist & Part Bill | II nd & Final Bill |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 1456816 | 1230188 |
| കൂട്ടുക : സർവ്വീസ് ടാക്സ് -6% | 87409 | 73812 |
| ആകെ | 1544225 | 1304000 |
| കുറയ്ക്കുക: VAT- 4% | 58279 | 49208 |
| IT -1% | 14569 | 12302 |
| KCWWF-1% | 14569 | 12302 |
| സർവ്വീസ് ടാക്സ് -6% | 87409 | 73812 |
| റിടെൻഷൻ-10% | 145682 | 0 |
| കരാറുകാരന് നല്കുന്ന തുക | 12,23,723 | 11,56,376 |

ഈ പ്രവൃത്തിക്കുവേണ്ടി ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കിയ M/s ഇന്റർനാഷണൽ ആർക്കിടെക്ക്സ് ന് 4,50,000/- രൂപയും നല്കിയിരുന്നു.

II. അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം എന്ന പേരിൽ 2017-18 സാമ്പത്തികവർഷവും 80,00,000/-രൂപ അടങ്കൽ വകയിരുത്തി പ്രവൃത്തി നടത്തിയിരുന്നു. ഈ പദ്ധതിയിൽ 69,94,696/-രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഡോ.അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലനകേന്ദ്രം - കെട്ടിടനിർമ്മാണം |
| പ്രോ.നമ്പർ | എസ് 422/19 |
| അടങ്കൽ തുക | 80,00,000/- ( വികസനഫണ്ട് -SCP) |
| കരാർ തുക (PAC) | 70,04,814/- |
| കോൺട്രാക്ടറുടെ പേര് | ആലുങ്കൽ കൺസ്ട്രക്ഷൻസ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 121/17-18 Dtd. 14.12.2017 |
| ആകെ ചെലവ് | 27,87,269/-<br>('ട്രഷറി ബിൽ നം. 132/ 17-18 26.03.2018)<br>15,44,780/-<br>('ട്രഷറി ബിൽ നം. 61/ 17-18 25.09.2018)<br>26,62,647/-<br>('ട്രഷറി ബിൽ നം. 141/ 17-18 25.03.2019)<br>**69,94,696/-** |

1) ഒന്നാം ഘട്ട പ്രവൃത്തിയുടെ രണ്ട് ബില്ലുകളിലായി സേവനനികുതിയിനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കിയ യഥാക്രമം 87,409/-രൂപയും, 73,812/- രൂപയും ഉൾപ്പെടെ ആകെ 1,61,221/- രൂപ തൃക്കാക്കര നഗരസഭയുടെ ട്രഷറി എസ്.ബി. അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് സേവന നികുതി ഒടുക്കേണ്ടത്. അല്ലാത്തവയെ സർക്കുലർ 9/2016 തീയതി 01.03.2016 പ്രകാരം ഒഴിവാക്കിയിട്ടുള്ളതിനാൽ സേവന നികുതി ബില്ലിൽ കുറക്കേണ്ടതില്ലായിരുന്നു.

2) രണ്ട് പ്രൊജക്ടുകൾ ഒരേ ലക്ഷ്യത്തോടെ അടുത്തടുത്ത വർഷങ്ങളിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി പ്രത്യേകം ടെൻഡർ ചെയ്ത് നടപ്പാക്കാക്കുകയാണ് ചെയ്തിരിക്കുന്നത്. ആദ്യത്തെ പ്രൊജക്ടിന്റെ പൂർത്തീകരണത്തിന് ആവശ്യമായ മൊത്തം ഫണ്ട് ആ വർഷം ലഭ്യമല്ലായിരുന്നുവെങ്കിൽ ബഹുവർഷ പ്രോജക്ടായി വിഭാവനം ചെയ്ത് തൻവർഷം ലഭ്യമായ ഫണ്ട് വകയിരുത്തി ആദ്യഘട്ടം പൂർത്തീകരിക്കുകയും, അടുത്ത വർഷം ആദ്യവർഷത്തെ പ്രോജക്ടിന്റെ തുടർച്ചയായി ഫണ്ട് വകയിരുത്തി ബാക്കി ഭാഗം പൂർത്തീകരിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഇതിന് പകരം രണ്ടാം വർഷം പുതിയൊരു പ്രൊജക്ട് ഉണ്ടാക്കി ടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരനെ പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. ഇതിന്റെ സാഹചര്യം വ്യക്തമല്ല. കൂടാതെ ഇപ്രകാരം ചെയ്തതു മൂലം, പ്രോജക്ട് ആസൂത്രണപ്രക്രിയയ്ക്കും, ടെൻഡർ നടപടികൾക്കും അധികചെലവും, മനുഷ്യവിഭവശേഷിയും വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്.

3) പ്രത്യേക ഘടകപദ്ധതി വിഹിതം ഉപയോഗിച്ചാണ് ഈ പ്രൊജക്ടുകൾ നടപ്പാക്കിയത്. എസ്.സി.പി. ഫണ്ടിന്റെ വിനിയോഗത്തിന് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നതായി ഫയലിൽ കാണുന്നില്ല.

4)ഇപ്രകാരം രണ്ട് പ്രോജക്ടുകളിലായി 1.01 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടം ഉദ്ദേശിച്ച ലക്ഷ്യത്തിന് വേണ്ടി ഇതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടുമില്ല.

മേൽപ്പറഞ്ഞ സംഗതികളിൽ വിശദീകരണം നല്കുവാനായി ഓഡിറ്റ് അന്വേഷണം നമ്പർ 53 തീയതി 13.03.2020 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ അപാകതകളിന്മേലുള്ള വിശദീകരണവും, പ്രൊജക്ട് ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടതിന്റെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-34 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല- 2,10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

തൃക്കാക്കര നഗരസഭയുടെ 2018-19 വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | നിക്ഷേപിക്കപ്പെട്ട ഏജൻസി | പ്രോജക്ടിന്റെ പേര് / നമ്പർ | നിക്ഷേപിക്കപ്പെട്ട തുക |
|---|---|---|---|
| 1 | കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ S0100/19 | 60,00,000 |
| 2 | പി.ഡബ്ല്യ.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ | മെയിൻ റോഡുകളിൽ ഗാൽവനൈസ്ഡ് പോൾ | 1,50,00,000 |

| | | | |
|---|---|---|---|
| | | സ്ഥാപിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ S0121/19 | |

a) നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് ഗാൽവനൈസ്ഡ് പോൾ സ്ഥാപിച്ച് എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ തൃശ്ശൂർ ഓഫീസിൽ നിന്ന് നല്കിയ 1.5 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് താഴെപ്പറയുന്ന പ്രകാരം നഗരസഭ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നം./;ചെക്ക് നമ്പർ & തീയതി | നിക്ഷേപിച്ച തുക |
|---|---:|
| 95/18-19 - 19/03/2019 | 1,20,00,000 |
| 5030104/ - 07/06/2019 | 30,00,000 |
| **ആകെ** | **1,50,00,000** |

b) 2018-19 -ൽ നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷനുവേണ്ടി 60 ലക്ഷം രൂപയും നിക്ഷേപിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നം./വൗച്ചർ നമ്പർ & തീയതി | നിക്ഷേപിച്ച തുക |
|---|---:|
| വൗച്ചർ നം.11/18-19 - 30/06/2018 | 60,00,000 |
| **ആകെ** | **60,00,000** |

എന്നാൽ നാളിതുവരെ മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ നിക്ഷേപിച്ച തുക 2,10,00,000/- തടസ്സപ്പെടുത്തുന്നു.

# 1-35 വേസ്റ്റ് കളക്ഷൻ ചാർജ്ജ്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

നഗരസഭ പരിധിയിലെ വിവിധ സ്ഥാപനങ്ങൾ/ ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭ നിശ്ചിത ഫീസ് ഈടാക്കുന്നുണ്ട്. ജൈവ മാലിന്യം 10രൂപ/ കി.ഗ്രാം, അജൈവ മാലിന്യം 15 രൂപ/കിലോഗ്രാം എന്നീ നിരക്കിലാണ് ഫീസ് ഈടാക്കിവരുന്നത്. നിലവിൽ 274 സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം 35/11.03.2020) മറുപടി നല്കിയത്. സ്ഥാപനങ്ങളിലെ മാലിന്യം നീക്കം ചെയ്യാൻ നഗരസഭയിൽ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ഫീസ് നിശ്ചയിച്ച് ഈടാക്കുകയാണ് ചെയ്തു പോരുന്നത്. ഇക്കാരണത്താൽ മാലിന്യ നിർമ്മാർജ്ജനം നഗരസഭക്ക് വലിയൊരു ബാധ്യതയായിട്ടും, മാലിന്യമുണ്ടാക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുവാൻ നഗരസഭക്ക് കഴിയുന്നില്ല. ഇതിലേക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഫീസ് നൽകാമെന്നേറ്റിരിക്കുന്ന സ്ഥാപനങ്ങളെല്ലാം തന്നെ കൃത്യമായി ഫീസ് അടവാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ സാധിക്കുന്നില്ല. 110040100-sanitation tax എന്ന

ഹെഡിൽ 2018-19 വർഷത്തെ വരവ് 33,11,483/-രൂപയാണ്. മാലിന്യ നീക്കത്തിന് നഗരസഭ ചെലവഴിക്കുന്ന തുകയുമായി താരതമ്യം ചെയ്യുമ്പോൾ വേസ്റ്റ് കളക്ഷൻ ചാർജ്ജിനത്തിലെ വരവ് വളരെ കുറവാണെന്ന് കാണാവുന്നതാണ്. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതിലേക്കായി ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

# 1-36 പഠന മുറി നിർമ്മാണം/ഭവന പുനരുദ്ധാരണം രേഖകളില്ല.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ, പഠന മുറി നിർമ്മാണം / ഭവന പുനരുദ്ധാരണം എന്നിവ പൂർത്തിയാക്കിയതിന്റെ തെളിവായി, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഇനം തിരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റല്ല അപേക്ഷകളോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾക്ക് മൊത്തത്തിൽ ചെലവായ തുകമാത്രമാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്നത്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 134/2019 | വീട് വാസയോഗ്യമാക്കൽ | 3990000 |
| 167/2019 | പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി നിർമ്മാണം. | 2000000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 43, തീയതി.12.03.2020) നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം നൽകിയില്ല. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം നടത്തി വാല്യുവേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കി അതനുസരിച്ച് സബ്സിഡി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-37 മാലിന്യ സംസ്ക്കരണം -അവലോകനം

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ ഖരമാലിന്യ സംസ്കരണ പ്രോജക്ട് (പ്രോജക്ട് നമ്പർ 97/2019) നടത്തിപ്പിന്റെ വിവരണം താഴെക്കൊടുക്കുന്നു.

നഗരസഭയിലെ 43 വാർഡുകളിലെ വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ മുഖേന നഗരസഭ നൽകിയിട്ടുള്ള ബക്കറ്റുകളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് നഗരസഭ ട്രാൻസ്ഫർ പോയിന്റിൽ എത്തിക്കുന്നു. സ്ഥാപനങ്ങളിൽ നിന്ന് നഗരസഭയുടെ തൊഴിലാളികളെ ഉപയോഗിച്ച് ജൈവ മാലിന്യങ്ങൾ ദിവസേനയും അജൈവ മാലിന്യം ആഴ്ചയിലൊരിക്കലും ശേഖരിക്കുന്നു. നഗരസഭ ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ കൊച്ചി നഗരസഭയുടെ അധീനതയിലുള്ള ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലേക്കും, അജൈവ മാലിന്യങ്ങൾ നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുള്ള ഇക്കോ ഗ്രീൻ കേരള എന്ന ഏജൻസിക്ക് കൈമാറുകയും ചെയ്യുന്നു.

മാലിന്യ ശേഖരണത്തിന് തയ്യാറാക്കിയ ബൈലോയുടെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം 30 രൂപയും, അജൈവ മാലിന്യം

ശേഖരിക്കുന്നതിന് ഒരു കിലോയ്ക്ക് 10 രൂപ നിരക്കിലും ഈടാക്കുന്നുണ്ട്. സ്ഥാപനങ്ങളിൽ നിന്നും ജൈവ, അജൈവ മാലിന്യങ്ങൾ യഥാക്രമം ഒരു കിലോയ്ക്ക് 10, 15 രൂപ നിരക്കിലും ഈടാക്കുന്നുണ്ട്.

സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയ്ക്ക് സ്വന്തമായുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുമില്ല. ഉറവിട മാലിന്യ സംസ്കരണത്തിനായി കേവലം 31 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നല്കുക മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെയ്തിരിക്കുന്നത്.

നഗരസഭ ശേഖരിച്ച ജൈവ, അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 2018 -19 വർഷത്തിൽ യഥാക്രമം 43,87,712/-രൂപയും 86,01,538/-രൂപയും ചെലവു വന്നിട്ടുണ്ട്. (പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-29 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

ശേഖരിച്ച അജൈവ മാലിന്യത്തിൽ വൃത്തിയാക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നഗരസഭ ഇക്കോഗ്രീൻ കേരളയ്ക്ക് 5.75/-രൂപ നിരക്കിൽ നല്കണമെന്നും, വൃത്തിയാക്കിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഇക്കോഗ്രീൻ കേരള നഗരസഭയ്ക്ക് കിലോയ്ക്ക് 7.50/-രൂപ നിരക്കിൽ നല്കണമെന്നുമാണ് ഒപ്പുവെച്ച കരാറിലെ വ്യവസ്ഥ. ഇതനുസരിച്ച് വൃത്തിയാക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യത്തിന് 86,01,538/-രൂപ നഗരസഭ ഇക്കോഗ്രീൻ കേരളയ്ക്ക് നല്കിയപ്പോൾ, വൃത്തിയാക്കിയ പ്ലാസ്റ്റിക്ക് മാലിന്യത്തിന് സ്ഥാപനത്തിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചത് കേവലം 1,38,852/-രൂപയാണ്. പ്ലാസ്റ്റിക്ക് മാലിന്യം വൃത്തിയാക്കി നല്കണമെന്ന് നഗരസഭാ നിവാസികളെ ബോധവത്കരിക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് ഇത്രയും വലിയ തുക വൃത്തിയാക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ നിർമ്മാർജനത്തിനായി നഗരസഭയ്ക്ക് ചെലവു വന്നതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

വൃത്തിയാക്കാത്ത പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച നഗരസഭയ്ക്കുള്ള കണക്ക് ലോറിയിൽ മാലിന്യം കയറ്റുന്നതിന് മുമ്പും കയറ്റിക്കഴിഞ്ഞുമുള്ള ഭാരം രേഖപ്പെടുത്തിയ വേയ്ബ്രിഡ്ജിൽ നിന്നുമുള്ള റസീപ്റ്റും ഈ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്ററുമാണ്. ഇതിൽ റസീപ്റ്റിൽ ആരോഗ്യ വിഭാഗത്തിൽ നിന്നും ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് കരാറിൽ പറഞ്ഞിട്ടുണ്ടെങ്കിലും, ഇപ്രകാരം ചെയ്തിട്ടില്ല. വൃത്തിയാക്കിയ പ്ലാസ്റ്റിക്ക് മാലിന്യത്തിന് കരാർ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച് കണക്കുകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

നഗരസഭയിൽ നിന്നും ഇക്കോഗ്രീൻ കേരള കൊണ്ടുപോകുന്ന അജൈവ മാലിന്യങ്ങൾ എ.എം. ഗ്രൂപ്പിന്റെ ഡംപിങ്ങ് യാർഡിൽ കൊണ്ടുപോയി തരംതിരിച്ച് റിജക്ടഡ് വേസ്റ്റ് അൾട്രാടെക്കെന്ന സിമന്റ് കമ്പനിയുടെ സിമന്റ് ഫർണസിൽ ഉപയോഗിക്കുന്നതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 33, തീയതി.11.03.2020) ഹെൽത്ത് ഇൻസ്പെക്ടർ മറുപടി നല്കി. എന്നാൽ ഇക്കാര്യം നഗരസഭ പരിശോധന നടത്തി ഉറപ്പുവരുത്തുന്നതായി കാണുന്നില്ല.

മാലിന്യ സംസ്കരണത്തിന് സ്വന്തമായി പ്ലാന്റുകൾ നിർമ്മിച്ചും, അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി നല്കുന്നതിന് ജനങ്ങളെ ബോധവത്കരിച്ചും മാലിന്യ സംസ്കരണത്തിനായുള്ള ആവർത്തന ചെലവുകൾ പരമാവധി കുറയ്ക്കേണ്ടതാണ്.

## 1-38 പദ്ധതി രൂപീകരണ പ്രക്രിയകളിലെ അപാകതകൾ

വാർഡ് സഭാ മിനിറ്റ്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കൽ മുതലായ പദ്ധതി രൂപീകരണം സംബന്ധിച്ച പ്രക്രിയകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**എ. വാർഡ് സഭാ മിനിറ്റ്സുകളുടെ പരിശോധന**

ഓഡിറ്റിന് ഹാജരാക്കിയ വാർഡുസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1.പല വാർഡുസഭകളുടെയും മിനിറ്റ്സിന്റെ ആദ്യ പേജിൽ ആകെ വോട്ടർമാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ വാർഡ് സഭകളിൽ ക്വാറം തികഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ ബുദ്ധിമുട്ട് നേരിടുന്നു.

2.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് പരിശോധന 2018 ജൂലൈ മാസം നടത്തിയ വിവിധ വാർഡുസഭകളിലെ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത വിഷയം വാർഡുസഭകളിലൊന്നും ചർച്ച ചെയ്തതായി കാണുന്നില്ല.

3.പല വാർഡു സഭാ മീറ്റിംഗുകളുടെയും മിനിറ്റ്സ് കൃത്യമായി ക്ലോസ് ചെയ്യുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | മീറ്റിംഗ് കൂടിയ തീയതി | പേജ് നമ്പർ |
|---|---|---|
| 15 | 24.02.2019 | 79,80 |
| 8 | 02.12.2018 | 123 |

4.ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഗ്രാമസഭയിൽ നിന്നും ഗുണഭോക്താക്കളുടെ പേരു വിവരം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഇടയ്ക്ക്, വീണ്ടും കൂട്ടിച്ചേർക്കലുകൾ നടത്തുവാൻ പറ്റുന്ന രീതിയിൽ, സ്ഥലം വിട്ടിരിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | മീറ്റിംഗ് കൂടിയ തീയതി | പേജ് നമ്പർ |
|---|---|---|
| 15 | 24.02.2019 | 78,79 |
| 9 | 15.07.2018 | 109,111,116,117, 118,119 |
| 9 | 24.02.2019 | 148,149,150 |
| 4 | 24.02.2019 | 85,86 |
| 8 | 15.07.2018 | 106,107,108,112 |
| 31 | 07.07.2018 | 73,76,77,79 |

5. 31-ാം ഡിവിഷന്റെ മിനിറ്റ്സ് ബുക്കിൽ 89 മുതൽ 92 വരെയുള്ള പേജുകളിൽ, 111 പേർ ഒപ്പിട്ടുണ്ട്. എന്നാൽ, ഏത് തീയതിയിൽ എവിടെ വെച്ച് കൂടിയ വാർഡ് സഭയാണെന്നോ, യോഗ നടപടികളുടെ വിവരണമോ, മിനിറ്റ്സ് തയ്യാറാക്കി ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. തുടർന്നുള്ള 93,94,95,96 പേജുകൾ ഒഴിവാക്കി 97 മുതൽ 102-ാം പേജ് വരെ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നു.

മേൽക്കാണിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതും, വാർഡ് സഭാ മിനിറ്റ്സുകൾ കൃത്യതയോടെ എഴുതി തയ്യാറാക്കുന്നതിന് കോ-ഓർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

**ബി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ പരിശോധന**

തൃക്കാക്കര നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.വർക്കിംഗ് ഗ്രൂപ്പുകൾ പ്രവൃത്തികളുടെ രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ ഇടപെടുന്നുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയശേഷം മോണിറ്ററിംഗ് നടത്തുന്നതായി രേഖപ്പെടുത്തലില്ല.

2. 'വനിതാ ശിശു സംരക്ഷണം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് പേജ് 20 ൽ, 20 പേരും, 22-23 പേജുകളിലായി 37 പേരും പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ, ഏതു തീയതികളുടെ മിനിസ്റ്റ്സ് ആണെന്നോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

3. 'മൃഗ സംരക്ഷണം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് പേജ് 11 ൽ, 8 പേർ പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ, ഏതു തിയതികളുടെ മിനിസ്റ്റ്സ് ആണെന്നോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. 22.10.18 തീയതിയിൽ, 8 പേർ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, യോഗ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. 'ചെറുകിട വികസനം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് 13.12.2018 തീയതിയിൽ പേജ് 13 ൽ 5 പേർ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5. 'പാർപ്പിടം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് പേജ് 13 ൽ 5 പേർ പേരെഴുതി ഒപ്പിടുകയും യോഗതീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗം ചേർന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല.

6. 'ശുചിത്വം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് പേജ് 19 ൽ, 26 പേർ പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ, ഏതു തീയതികളുടെ മിനിസ്റ്റ്സ് ആണെന്നോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

7. 'ദാരിദ്ര ലഘൂകരണം' വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് ബുക്ക് പേജ് 21 ൽ, 8 പേർ പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ, ഏതു തീയതികളുടെ മിനിറ്റ്സ് ആണെന്നോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് കൃത്യതയോടെ എഴുതി തയ്യാറാക്കുന്നതിന് കൺവീനർമാർക്ക് നിർദ്ദേശം നല്കേണ്ടതുമാണ്.

<u>**സി. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിൽ**</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.09.1998 ലെ ജി.ഒ.(പി) 18/98 സർക്കാർ ഉത്തരവു പ്രകാരം ഓരോ പദ്ധതികൾക്കുമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടത് സ്ഥാപനത്തിന് മൊത്തത്തിലാണ്. എന്നാൽ, തൃക്കാക്കര നഗരസഭയിൽ 2018-19 വർഷത്തെ പദ്ധതികൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിലാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് അർഹതയും, മുൻഗണനാ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി നഗരസഭാ തലത്തിൽ ക്രോഡീകരിച്ചിട്ടില്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-8 , തീയതി. 27.02.2020)നഗരസഭ ഹാജരാക്കിയ മറുപടി, നഗരസഭയിലെ എല്ലാ വാർഡുകളിലും പ്രാതിനിധ്യം ലഭിക്കണമെന്ന ജനപ്രതിനിധികളുടെ അഭിപ്രായം കൂടി പരിഗണിച്ചാണ് അപ്രകാരം ലിസ്റ്റ് തയ്യാറാക്കിയതെന്നും തുടർവർഷങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഈ അപാകത

ഒഴിവാക്കുന്നതാണെന്നുമാണ്. വരും വർഷങ്ങളിൽ ഒരോ പ്രോജക്ടിനും നഗരസഭയ്ക്ക് മൊത്തത്തിലുള്ള ഒറ്റ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-39 OFC കേബിളുകൾ സ്ഥാപിക്കൽ- ROW(Right of way) പെർമിഷൻ ഫീസ് ഈടാക്കിയില്ല.

തൃക്കാക്കര നഗരസഭ പരിധിയിലുള്ള റോഡുകളിലൂടെ Optical Fiber Cable (OFC) സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗിന് അനുമതിക്കായി സമർപ്പിച്ച M/S ഭാരതി എയർടെൽ ലിമിറ്റഡ്, M/S റിലയൻസ് ജിയോ ഇൻഫോകോം പ്രൈ. ലിമിറ്റഡ് എന്നീ രണ്ട് സ്ഥാപനങ്ങളുടെ അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ ഫയലുകൾ പരിശോധിച്ചു. തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് ROW(Right of way) പെർമിഷന് വേണ്ടി 75000/കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസും പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന റെസ്റ്റോറേഷൻ ചാർജ്ജുമാണ് ഈടാക്കേണ്ടത്. ROW(Right of way) പെർമിഷന് വേണ്ടി 75000/ കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസ് ഈടാക്കണമെന്ന വ്യവസ്ഥ രണ്ട് ഫയലുകളിലും പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. തൃക്കാക്കര നഗരസഭയിൽ ഓവർ ഹെഡ് OFC കേബിൾ സ്ഥാപിക്കുന്നതിനായി M/S ഭാരതി എയർടെൽ ലിമിറ്റഡ് എന്ന സ്ഥാപനം 27-10-2018 ലെ രസീത് നമ്പർ 118020400090 പ്രകാരം 22,22,766/-രൂപ, നഗരസഭയിൽ അടച്ചിട്ടുണ്ട്(ഫയൽ നമ്പർ. E1-3469/18). പൊതുമരാമത്ത് (റോഡ്സ് &അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയറുടെ 22-05-2018 ലെ CE/R&B /GL-RC/1/2018 സർക്കുലർ അനുസരിച്ച് നിർണ്ണയിച്ച റോഡ് റെസ്റ്റോറേഷൻ നിരക്ക് പ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. 8.150 കിലോമീറ്റർ ദൂരത്തിൽ 270 പോളുകൾ സ്ഥാപിക്കുന്നതിനും, HUB box നുമുള്ള റെസ്റ്റോറേഷൻ ചാർജ്ജും, റോഡുകളിൽ പോളുകൾ സ്ഥാപിക്കുന്നതിനുള്ള വാർഷിക ഫീസും, അടക്കമാണ് തുക കണക്കാക്കിയിരിക്കുന്നത്. എന്നാൽ ROW(Right of way) പെർമിഷന് വേണ്ടി 75000/കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസ് ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട തുക= 8.150x75000= 6,11,250/-രൂപ

2. OFC കേബിൾ സ്ഥാപിക്കുന്നതിനായി M/S റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം 11-05-2018 ലെ രസീത് നമ്പർ 118020400028 പ്രകാരം 2,63,52,116/-രൂപ, നഗരസഭയിൽ അടച്ചിട്ടുണ്ട്(ഫയൽ നമ്പർ. E1-358/18). തൃക്കാക്കര നഗരസഭ പരിധിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ OFC കേബിൾ 8.07 കി.മീ ദൂരം സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 18.01.2016 ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29.08.2018 ൽ 3,11,20,000/- രൂപ റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ അടവാക്കുവാൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി തുക നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് അനുയോജ്യമല്ല എന്ന് കാണിച്ച് ടി സ്ഥാപനം ബഹു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ മുമ്പാകെ IA No 1778/2017(R.P No 129/17) നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു. ട്രൈബ്യൂണൽ 14.12.2017 ൽ വിധി

പുറപ്പെടുവിക്കുകയും, ആയത് അനുസരിച്ച് 2,63,52,116/- രൂപ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ നഗരസഭയിൽ അടക്കുന്നതിനും ബാക്കി വരുന്ന റോഡ് കട്ടിംഗ് ചാർജ്ജായ 47,67,884/- രൂപയും, വാടകയായ 4,765,130/- രൂപയും ഉൾപ്പെടെ ബാങ്ക് ഗ്യരണ്ടി ഒടുക്കുന്നതിനും ഇടക്കാല ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയം 27.01.2018 ലെ 35ാം നമ്പർ തീരുമാനപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ വിധി അംഗീകരിച്ച് തുക അടപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുകയും ചെയ്തു. തുടർന്ന് 25.03.2018 ലെ ഇ1-335/18 നമ്പർ ഉത്തരവ് പ്രകാരം റോഡ് കട്ടിംഗിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ചതുരശ്ര മീറ്ററിന് 3854/-രൂപ നിരക്കിൽ 8070 മീറ്റർ റോഡ് കട്ടിംഗിനാണ് അനുമതി നൽകിയിരിക്കുന്നത്. ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കാണെന്ന് വ്യക്തമല്ല. കൂടാതെ ROW(Right of way) പെർമിഷന് വേണ്ടി 75000/കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസ് ഈടാക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

ഈടാക്കേണ്ട തുക= 8.070 x75000= 6,05,250/-രൂപ.

ഇക്കാര്യം പരിശോധിച്ച് മറുപടി നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ (നം 45/12.03.2020, 51/13.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റോഡ് റെസ്റ്റോറേഷൻ ചാർജ്ജുമായി ബന്ധപ്പെട്ട പുതിയ സർക്കാർ ഉത്തരവ് പ്രകാരം ബാങ്ക് ഗ്യാരണ്ടി മാത്രം വാങ്ങി റോഡ് കട്ടിംഗിന് അനുമതി നൽകാമെന്നാണ് എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചത്. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കുകയുണ്ടായില്ല. ആയത് സഹിതം മറുപടി ലഭ്യമാക്കാത്തപക്ഷം മേൽ പരാമർശം പ്രകാരം ഈടാക്കാത്ത തുകകൾ നഷ്ടമായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-40 ഇൻഡ്യൻ ഓയിൽ അദാനി ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി-കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല

തൃക്കാക്കര നഗരസഭയിൽ ഡിവിഷൻ നം 18,23,24,25,26,30 ൽ ഉൾപ്പെട്ട റോഡുകളിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് M/S ഇൻഡ്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സെക്രട്ടറിയുടെ ഇ2-4034/17 തീയതി 29.06.2017 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 11.10.2017 ൽ നഗരസഭയുമായി സ്ഥാപനം കരാറിലേർപ്പെട്ട് റോഡ് കട്ടിംഗ് നടത്തി പൈപ്പ് സ്ഥാപിക്കൽ തുടങ്ങി.

പൊതുമരാമത്ത് (എച്ച്) വകുപ്പിന്റെ H1/79/2016/PWD തീയതി 01.06.2016 ലെ കത്ത് പ്രകാരം കളമശ്ശേരി-ആലുവ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്ക് സർക്കാർ നിശ്ചയിച്ച് നൽകിയ നിരക്ക് പ്രകാരം റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുന്നതിനുള്ള എസ്റ്റിമേറ്റ് താഴെ കാണും വിധം ആദ്യം തയ്യാറാക്കിയെങ്കിലും ഈ തുക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

| റോഡിന്റെ തരം | ആകെ ഏരിയ | നിരക്ക്/ ച.മീ | ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| Tarred road | 30712 ച.മീ | 3291.75 | 10,10,962.26 |
| Concrete road | 540 ച.മീ | 4271.00 | 23,06,340 |
| Intelock tiled road | 455 ച.മീ | 3666.38 | 4,12,138 |
| ആകെ | | | 10,38,14,704 |

പിന്നീട് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 07.09.2016 ലെ CE/R&B /AEE-City Gas/2016 കത്തിലെ വ്യവസ്ഥകൾ അനുസരിച്ച് WMM Work and black topping മാത്രം നഗരസഭ ചെയ്താൽ മതി എന്ന ധാരണയിൽ താഴെ പറയും പ്രകാരം നിർണ്ണയിച്ച റോഡ് റെസ്റ്റോറേഷൻ ഫീയായ 2,14,26,000/- രൂപ മാത്രം ഈടാക്കിയാണ് അനുമതി നൽകിയിട്ടുള്ളത്.

| റോഡിന്റെ തരം | ആകെ ഏരിയ | നിരക്ക്/ ച.മീ | ആകെ തുക |
|---|---|---|---|
| Tarred road | 30712 *.75 = 23034ച.മീ | 884.20 | 2,03,66,662 |
| Concrete road | 540 *.75=405ച.മീ | 1695.62 | 6,86,726.1 |
| Intelock tiled road | 455 *.75=341.25ച.മീ | 1090.12 | 3,72,003.45 |
| ആകെ | | | 2,14,25,392.35 (rounded to 2,14,26,000/-) |

എന്നാൽ കരാറിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് സ്ഥാപനം റോഡ് കട്ടിംഗ് നടത്തിയിട്ടുള്ളതെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തുകയും, സ്ഥലപരിശോധനാ റിപ്പോർട്ട് താഴെപറയും പ്രകാരം സമർപ്പിക്കുകയും ചെയ്തു.

1. 50സെ.മീ വിതിയിൽ റോഡ് കട്ട് ചെയ്യുന്നതിനാണ് അനുമതി നൽകിയതെങ്കിലും 80 സെ.മീ വീതിയിലാണ് പലയിടത്തും റോഡ് കട്ട് ചെയ്തിട്ടുള്ളത്.

2. റോഡ് കട്ട് ചെയ്ത ഭാഗത്ത് 65 സെ.മീ കനത്തിൽ ഫില്ലിംഗും, 25 സെ.മി കനത്തിൽ ജി.എസ്.ബിയും ഇട്ട് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനാണ് കരാറിൽ പറഞ്ഞതെങ്കിലും, ജി.എസ്.ബി വിരിച്ചിട്ടുള്ള ഭാഗങ്ങളിൽ കരാർ പ്രകാരമുള്ള കനത്തിലല്ല പല ഭാഗത്തും വിരിച്ചിട്ടുള്ളത്. മതിയായ കോംപാക്ഷൻ ചെയ്യാത്തത് മൂലം മഴ സമയത്ത് പലഭാഗങ്ങളിലും മണ്ണ് ഒഴുകിപ്പോയിട്ടുണ്ട്. ഗ്യാസ് പൈപ്പ് ലൈൻ റോഡിൽ സ്ഥാപിച്ച് കഴിഞ്ഞ് റെസ്റ്റോറേഷൻ വർക്ക് നടത്തിയിട്ടുള്ളത് നഗരസഭയിൽ അറിയിക്കാതെയാണ്. ഈ അപാകതകൾ ഇ2/4034/17 തീയതി 18.07.2018 കത്ത് പ്രകാരം സ്ഥാപനത്തെ അറിയിച്ചെങ്കിലും തുടർനടപടികളുണ്ടായില്ല.

എഗ്രിമെന്റ് പ്രകാരം അദാനി ഗ്രൂപ്പ് ചെയ്ത് തീർക്കേണ്ട ബേസ് പ്രവൃത്തികൾ വ്യവസ്ഥകൾക്ക് വിധേയമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിലും, റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കുന്നതിനും, ടി പ്രവൃത്തികൾ അദാനി ഗ്രൂപ്പിന്റെ റിസ്ക് & കോസ്റ്റിൽ

അടിയന്തിരമായി ചെയ്യുന്നതിന് കൗൺസിൽ തീരുമാനിക്കുകയും( കൗൺസിൽ തീരുമാനം നം 30/04.07.2018) വർക്കുകൾ പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിക്ക് ചെലവായ ആകെ തുകയായ 22,61,000/- രൂപയും, പ്രവൃത്തിയുടെ മേൽനോട്ട ചുമതല ഇനത്തിൽ 10% വരുന്ന തുകയായ 2,61,000/- രൂപയും ചേർത്ത് 24,87,000/- രൂപ നഗരസഭയിൽ അടവാക്കണമെന്നാവശ്യപ്പെട്ട് 17.08.2019 ൽ ഇ2/4034/17 നമ്പറായി നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കിയിട്ടില്ല .

നിലവിൽ 18,508 മീറ്റർ ഭാഗത്ത് മാത്രമേ പൈപ്പിടൽ പൂർത്തിയായിട്ടുള്ളൂവെന്നും, നഗരസഭയിൽ നേരത്തേ അടവാക്കിയ 2,14,26,000/- രൂപയിൽ നിന്നും ഇതിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് കിഴിച്ചുള്ള 89,19,211/- രൂപ നഗരസഭയിലുണ്ടെന്നും, ഇതിൽ നിന്നും നോട്ടീസ് പ്രകാരമുള്ള 24,87,000/- രൂപ ഈടാക്കാവുന്നതാണെന്നുമാണ് അദാനി ഗ്രൂപ്പ് ഇപ്പോൾ അറിയിച്ചിട്ടുള്ളത് (19.12.2019 ലെ കത്ത്). കൂടാതെ സിറ്റി ഗ്യാസ് വിതരണ പദ്ധതിക്കുള്ള റോഡ് റെസ്റ്റോറേഷൻ ചാർജ്ജുമായി ബന്ധപ്പെട്ട ജി.ഒ.(എം.സ്) 69/2017/PWD തീയതി 12.12.2017 ഉത്തരവ് പ്രകാരം Dig & Restore basis ൽ( റെസ്റ്റോറേഷൻ ചാർജ്ജിന്റെ 10% ബാങ്ക് ഗ്യാരന്റി നൽകുകയും റെസ്റ്റോറേഷൻ പ്രവൃത്തികൾ ആ സ്ഥാപനം തന്നെ ചെയ്യുന്ന രീതി) ബാലൻസ് പ്രവൃത്തികൾ പൂർത്തിയാക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. നേരത്തേ അനുമതി നൽകിയിട്ടുള്ള വാർഡുകൾ കൂടാതെ 19,22,27,28,29,31,32 എന്നീ വാർഡുകളിൽ കൂടി പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 29/11.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. Black top surface റോഡുകളിൽ റെസ്റ്റോറേഷൻ ചാർജ്ജിനുള്ള ഏരിയ കണക്കാക്കുമ്പോൾ മിനിമം വീതി 1 മിറ്റർ കണക്കിലെടുക്കണം. എന്നാൽ ഇപ്രകാരം ചെയ്യാതെ, കട്ട് ചെയ്യുന്ന റോഡിന്റെ വീതി 50 സെ.മീ, 75 സെ.മീ എന്നിങ്ങനെ എടുത്താണ് റെസ്റ്റോറേഷൻ ചാർജ്ജിനുള്ള ഏരിയ കണക്കാക്കിയിരിക്കുന്നത്.

2. 29.06.2017 ലെ ഇ2-4034/17 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് 11.10.2017 ൽ നഗരസഭയുമായി സ്ഥാപനം കരാറിലേർപ്പെട്ടിരുന്നെങ്കിലും കരാറിലെ വ്യവസ്ഥകൾ അദാനി ഗ്രൂപ്പ് പലപ്പോഴായി ലംഘിച്ചതായി ഫയലിൽ കാണുന്നു. ബേസ് വർക്കുകൾ പോലും കൃത്യമായി ചെയ്യാതിരുന്ന ഈ സ്ഥാപനത്തിന് റോഡിന്റെ മുഴുവൻ റെസ്റ്റോറേഷൻ വർക്കുകളും ചെയ്യാൻ അനുമതി നൽകിയത് യാതൊരു കരാറിലും ഏർപ്പെടാതെയാണ്. ഇതുവഴി നഗരസഭക്ക് അർഹമായ ഫീസ് നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടാവുക.

3. District regulatoring stations and pressure regulatoring stations സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് (സ്ഥലത്തിന്റെ ഫെയർവാല്യുവിന്റെ 5% വാർഷിക പാട്ടവാടക ഈടാക്കി) നടപടികളായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-41 എൽഐസി പോളിസികളുടെ അധികതുക

## അടവ് സംബന്ധിച്ച്

നഗരസഭ റെഗുലർ വിഭാഗം ജീവനക്കാരുടെ 03/2018 മുതൽ 12/2018 വരെയുള്ള കാലയളവിലേക്ക് LIC പ്രീമിയം തുകയിൽ അധിക അടവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം – 3ൽ ചേർത്തിട്ടുണ്ട്.

## 1-42 അധികനിരക്ക് ക്വോട്ട് ചെയ്ത ഇനത്തിന് നെഗോസിയേഷനിലൂടെ അനുവദനീയ നിരക്ക് കണ്ടെത്തിയില്ല

അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലന ഉൽപ്പാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ എന്ന പ്രൊജക്ടിൽ ആകെയുള്ള 93 ഇനങ്ങളിൽ 44 ഇനങ്ങൾക്ക് മാത്രമാണ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്നാമത്തെ ഇനം പ്രവൃത്തി 66% അധികനിരക്കിലാണ് ചെയ്തിട്ടുള്ളത്. ബാക്കി എല്ലാ ഇനം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ചെയ്തിട്ടുള്ളത്. ആകെ നടപ്പാക്കിയ 69 ഇനം പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 25 ഇനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. അവയിൽ പലതും കരാറിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കുറഞ്ഞ അളവിലുമാണ് ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് കണക്കിലെടുത്താൽ ഈ പ്രവൃത്തിയിൽ 5.75% ടെണ്ടർ കുറവേ ലഭിച്ചിട്ടുള്ളൂ എന്നുകാണാം. അതായത് കരാറുകാരൻ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 19 ഇനങ്ങൾ ഉപേക്ഷിക്കുകയും ഈ പ്രവൃത്തിയുടെ നാലിലൊന്ന് മൂല്യം വരുന്നതും 66% അധികനിരക്കുള്ളതുമായ ഒരിനം നടപ്പാക്കുകയും ചെയ്തതിനാൽ കരാറുകാരൻ ഓഫർ ചെയ്ത 16.84% കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ഭാഗം – 3-2ൽ ചേർത്തിട്ടുണ്ട്.

## 1-43 അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല

ധനവകുപ്പിന്റെ 04-05-2019 ലെ സർക്കാർ ഉത്തരവ് നം.54/2019 പ്രകാരം അധിക അളവിൽ ചെയ്യുന്ന പ്രവൃത്തിയുടെ 25% വരെയുള്ള അധിക അളവിന് കരാറുകാരൻ ആ ഇനത്തിന് ക്വോട്ട് ചെയ്ത നിരക്ക് നൽകാനും അതിൽ കൂടുതലായി ചെയ്യുന്ന അളവിന് ശരാശരി ടെണ്ടർ നിരക്ക് ബാധകമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ "8-ാം വാർഡിലെ തെങ്ങോട് സ്കൂൾ അറ്റകുറ്റപ്പണികൾ" എന്ന പ്രൊജക്ടിൽ അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ നിരക്കിന് പകരം 5.49% ടെണ്ടർ കുറവ് മാത്രം ബാധകമാക്കിയതിനാൽ 7725/- രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-44 കൂടുതലായി ചെയ്യുന്ന പ്രവൃത്തി അളവിന് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല-

## കരാറുകാർക്ക് അധികം തുക നല്കി

ധനവകുപ്പിന്റെ 04-05-2019 ലെ സർക്കാർ ഉത്തരവ് നം.54/2019 പ്രകാരം അധിക അളവിൽ ചെയ്യുന്ന പ്രവൃത്തിയുടെ 25% വരെയുള്ള അധിക അളവിന് കരാറുകാരൻ ആ ഇനത്തിന് ക്വോട്ട് ചെയ്ത നിരക്ക് നൽകാനും അതിൽ കൂടുതലായി ചെയ്യുന്ന അളവിന് ശരാശരി ടെണ്ടർ നിരക്ക് ബാധകമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന 3 പ്രൊജക്ടുകളിൽ അധികം അളവ് ചെയ്ത ഇനങ്ങളിൽ അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ നിരക്കിന് പകരം എഗ്രിമെന്റ് ചെയ്ത ടെണ്ടർ കുറവ് മാത്രം ബാധകമാക്കിയതിനാൽ കരാറുകാർക്ക് അധികതുക നൽകാൻ ഇടയായിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം -3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-45 രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി- കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല- നിയമാനുസൃത പിഴ ഈടാക്കണം

തൃക്കാക്കര നഗരസഭയിലെ 20-ാം വാർഡിൽ "രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി " എന്ന പ്രവൃത്തിക്ക് 11.08.2017ൽ ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച രണ്ട് ടെൻഡറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ റഷീദ് എ.ഐ. എന്നയാൾക്ക് 23.11.2017ലെ കൗൺസിൽ തീരുമാനപ്രകാരം കരാർ നല്കി. 05.12.2017ൽ കരാറുകാരൻ നഗരസഭയുമായി ചമച്ച 3 മാസത്തിനകം (03/2018) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും എഗ്രിമെന്റ് കാലാവധി കഴിഞ്ഞ് 8 മാസത്തിന് ശേഷമാണ് പണി പൂർത്തീകരിച്ചത്.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതായിരുന്നു. 13.11.18 ൽ ഫൈനൽ നല്കിയിട്ടുണ്ടെങ്കിലും ഈ ബില്ലുകളിൽ നിന്ന് യാതൊരു തുകയും പിഴയായോ,കോമ്പൻസേഷനായോ ഈടാക്കിയിട്ടുമില്ല. ആയതിനാൽ കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തതിന് 43,300/- രൂപ ഫൈൻ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഭാഗം -3-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-46 മരുന്ന് , ഉപകരണം വാങ്ങൽ - പൂർണമായും ലഭ്യമായില്ല.

നഗരസഭ 2018-19 ൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ ഉപകരണങ്ങളും മരുന്നുകളും ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പ്രൊജക്റ്റുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | അടങ്കൽ, ഫണ്ടിനം | ചെലവ്/ ട്രഷറി ബിൽ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 187/19, പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | 400000/- മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 399999/- 8/26.12.2018 14/30.1.2019 | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 2 | 199/19 ലാബറട്ടറി പരിശോധന ഉപകരണം | 300000/- മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 222817/- 20/26.3.2019 | |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തിരുവനന്തപുരത്തിൽ നിന്നാണ് ഉപകരണങ്ങളും , മരുന്നുകളും വാങ്ങിയിട്ടുള്ളത്. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം താഴെ പറയുന്ന മരുന്നുകളും ഉപകരണങ്ങളും മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ബിൽ നം | ലഭ്യമായ മരുന്ന് / ഉപകരണം/ തുക | ലഭ്യമാകാനുള്ള മരുന്ന് / ഉപകരണം/ തുക |
|---|---|---|---|
| 1 | പ്രൊഫോർമ ഇൻവോയ്സ് നം 2609/23-11-18, 3304/17-12-18 | മരുന്ന് , 212575/- | മരുന്ന് , 187424/- |
| 2 | പ്രൊഫോർമ ഇൻവോയ്സ് നം 322/18-6-19 | ഹെമറ്റോളജി അനലൈസർ, 169920/- | 130080/- ബൈനോക്കുലർ മൈക്രോസ്കോപ്പ് |

മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് 10.03.2020 ൽ നൽകിയ നമ്പർ 25 ഓഡിറ്റ് എൻക്വയറിക്ക് 11.03.2020 ൽ ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകളും, ഉപകരണങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. ആയത് ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-47 എഫ് എ ആർ അധിക ഫീസ് ഈടാക്കൽ - അപാകതകൾ

അധിക എഫ് എ ആർ ഫീസ് ഈടാക്കിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധന പാലിക്കാതിരുന്നതിനാൽ ഫീസിൽ കുറവ് വന്നതായി കാണുന്നു. നഗരസഭയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾ നിലവിൽ വന്ന 06.11.2006 ന മുൻപ് എൻ ഒ സി നൽകിയ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തപ്പോഴാണ് ഇപ്രകാരം കുറവ് വന്നത്. എഫ് എ ആർ അധികരിച്ച കെട്ടിടങ്ങൾക്ക് എഫ് എ ആർ അധിക ഫീസ് 1000/ എം സ്ക്വയർ അടിസ്ഥാനത്തിലാണ് വാങ്ങിയിട്ടുള്ളത്. എൻ ഒ സി നൽകിയ സമയത്തെ നിരക്കായതിനാൽ ലീഗൽ ഒപ്പീനിയൻ അടിസ്ഥാനമാക്കിയാണ് 1000/എം സ്ക്വയർ ഈടാക്കിയത്. എന്നാൽ 08.09.2010 ലെ 9877/ആർ ഡി 2/2010/എൽ.എസ്.ജി.ഡി നമ്പർ സ്പഷ്ടീകരണത്തിൽ

അപേക്ഷ തീയതിയല്ല മറിച്ച് പെർമിറ്റ് നൽകുന്ന തീയതിയിലെ നിയമപ്രകാരമാണ് പെർമിറ്റ് നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെർമിറ്റ് നൽകിയ ദിവസത്തെ എഫ് എ ആർ അധിക നിരക്ക് 3000/ എം സ്ക്വയർ ആണ്. അധിക നിരക്ക് കണക്കാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് 12.03.2020 ൽ ഓഡിറ്റ് എൻക്വയറി ( നം 47) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**<u>1.ഫയൽ നം - 1113/14</u>**

| | |
|---|---|
| അപേക്ഷകന്റെ പേര് | കുര്യൻ ജോസഫ് , മരോട്ടിച്ചോട് |
| ബി എ നം | 1113/2014/6.3.2015 |
| കെട്ടിട ഇനം | A1 റെസിഡൻഷ്യൽ (ഫ്ലാറ്റ്) |
| പ്ലിന്ത് ഏരിയ | 15061.66 എം സ്ക്വയർ |
| ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് | 1113/2014/6.3.2015 |

അപാകതകൾ / ലഭ്യമാക്കേണ്ട രേഖകൾ/വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നഗരസഭയിൽ നിന്ന് 12.10.2006 ന് അനുവദിച്ച A4/1/2000 നം എൻ ഒ സി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എൻ ഒ സി രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. എൻ ഒ സി രജിസ്റ്റർ സംബന്ധിച്ച പരാമർശങ്ങൾ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്.

2. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം താഴെ പറയും പ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| | |
|---|---|
| സ്ഥല വിസ്തീർണ്ണം | 3037 എം സ്ക്വയർ |
| സർവ്വെ നം | 126/11, വാഴക്കാല വില്ലേജ്, കണയന്നൂർ താലൂക്ക് |
| എഫ് എ ആർ വിസ്തീർണ്ണം | 12146 എം സ്ക്വയർ |
| ഈടാക്കിയ എഫ് എ ആർ അധിക ഫീസ് (@1000 ) | 3035X1000= 3035000/- |
| രസീത് നം | 1/11402400162/6.3.2015 |

**<u>2.ഫയൽ നം - 851/14</u>**

| | |
|---|---|
| അപേക്ഷകന്റെ പേര് | സീന സണ്ണി, ചാലക്കുടി |
| ബി എ നം | 851/14/22.12.2014 |
| കെട്ടിട ഇനം | A1 റെസിഡൻഷ്യൽ (ഫ്ലാറ്റ്) |
| പ്ലിന്ത് ഏരിയ | 61517 എം സ്ക്വയർ |
| ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് | 851/14/25.09.18 |

അപാകതകൾ / ലഭ്യമാക്കേണ്ട രേഖകൾ/വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നഗരസഭയിൽ നിന്ന് 4.2.2006 ന് എൻ ഒ സി അനുവദിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത എൻ ഒ സി ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും എൻ ഒ സി ലഭ്യമാക്കിയില്ല.

2. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം താഴെ പറയും പ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| | |
|---|---|
| സ്ഥല വിസ്തീർണ്ണം | 15032.73 എം സ്ക്വയർ |
| സർവ്വെ നം | 359/3, കാക്കനാട് വില്ലേജ്, കണയന്നൂർ താലൂക്ക് |
| എഫ് എ ആർ വിസ്തീർണ്ണം | 59351.75 എം സ്ക്വയർ |
| ഈടാക്കിയ എഫ് എ ആർ അധിക ഫീസ് (@1000 ) | 14256X1000= 14256000/- |
| രസീത് നം | 1/11402400117/23/12/14 |

എഫ് എ ആർ അധിക ഫീസ് 1000 രൂപ/എം സ്ക്വയർ ആയി നിശ്ചയിച്ചതിന് അടിസ്ഥാനമാക്കിയ ലീഗൽ ഒപ്പീനിയനിൽ പരാമർശിച്ചിട്ടുള്ള 8.8.2014 ലെ 80900/RBI/2013/L.S.G.D നം ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥയും 08.09.2010 ലെ 9877/ആർ ഡി 2/2010/എൽ.എസ്.ജി.ഡി നം ഉത്തരവിലെ വ്യവസ്ഥയും പരിശോധിച്ച് എഫ് എ ആർ അധിക നിരക്ക് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ കണക്കാക്കി ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എൽഐസി പോളിസികൾ- അധിക തുക അടച്ചു

വൗച്ചർ നം. 79/12,53/01

ചെക്ക് നം. 302418 തീയതി 22.1.19 തുക 1,89,033/-

നഗരസഭയിലെ റെഗുലർ വിഭാഗം ജീവനക്കാരുടെ എൽഐസി പോളിസികളുടെ 03/18 മുതൽ 12/18 വരെ കാലയളവിലെ പ്രീമിയം ആയാണ് മേൽപ്പറഞ്ഞ ചെക്ക് എൽഐസി ക്ക് നൽകിയിട്ടുള്ളത് എന്നും ഈ ചെലവ് എതെല്ലാം ജീവനക്കാരുടെ ഏതെല്ലാം പോളിസികൾക്കാണെന്നും അതാത് മാസം ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക അടക്കുന്നതിനുണ്ടായ കാലതാമസത്തിനുള്ള കാരണവും പോളിസി ലാപ്സായതിന്റെ പേരിൽ ഈ തുകയിൽ പലിശ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) ലഭ്യമാക്കിയ മറുപടിയിൽ പ്രീമിയം തുക യഥാസമയം ഒടുക്കുവരുത്താത്ത ജീവനക്കാരനായ ശ്രീ ഒ യു സിനീഷ് ലീവിലായതിനാലും LWA ആയതിനാലും ടിയാന്റെ ശമ്പളത്തിൽ നിന്നും നാളിതുവരെ പലിശയിനത്തിൽ LIC യിലേക്കടച്ച 15334/-രൂപ ഈടാക്കുവാൻ സാധിച്ചിട്ടില്ലെന്നും ടിയാന്റെ 02/2020 ലെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിക്കുകയും ടി മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തതായി ഓഡിറ്റിനെ അറിയിക്കുകയും ചെയ്തു. ടി മറുപടിയുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.22/9.3.20) വീണ്ടും നൽകി.

ജീവനക്കാരുടെ LIC policy premium തുകയായി താഴെപ്പറയുന്ന ചെക്കുകൾ LIC ക്ക് നേരത്തെ നൽകിയിട്ടുണ്ട്. ടി ചെക്കുകൾ encash ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

<u>ചെക്ക് നം. തീയതി</u> <u>തുക</u> <u>ഏത് മാസത്തേത്</u>

254780 13.4.18 12714/- 3/18

254814 09.5.18 11264/- 4/18

254895 22.6.18 11264/- 5/18

254974 27.7.18 11264/- 6/18

254986 08.8.18 18081/- 7/18

ഇതിന് ലഭിച്ച മറുപടിയിൽ 06/18 മാസത്തെ policy premium തുകയായ 11264/- രൂപ (ചെക്ക് നം. 254974/27.7.18) ഒഴികെ മറ്റ് ചെക്കുകളെല്ലാം encash ചെയ്തതായി അറിയിച്ചു. Encash ചെയ്ത ചെക്കുകളുടെ തുകകൾ ഏത് അക്കൗണ്ടിലേക്കാണ് പോയത് എന്ന് വ്യക്തമാക്കിയിട്ടില്ല. LIC policy premium തുകയിനത്തിൽ അധിക തുക 53,323/- രൂപ അടവ് വന്നിട്ടുള്ളതായി കാണുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതും ആയത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതുമാണ്.

# 3-2 അധിക നിരക്ക് കോട്ട് ചെയ്ത ഇനത്തിന് നെഗോസിയേഷനിലൂടെ അനുവദനീയ നിരക്ക് കണ്ടെത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 114/19 |
| പേര് | അംബേദ്കർ അയ്യങ്കാളി തൊഴിൽ പരിശീലന ഉൽപ്പാദന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | രൂ. 1250000/- |
| എസ്റ്റിമേറ്റ് പി.എ.സി. | രൂ.9,99,996/-<br>(രൂ.961535+38461 സൂപ്പർവിഷൻ ചാർജ്) |
| കരാറുകാരൻ | ശ്രീ. ബിനോയ് ടി.ബേബി |
| കരാർ തുക | രൂ. 7,99,658 |
| ടെണ്ടർ നിരക്ക് | 16.84 % കുറവ് |
| കരാർ | നം.254/18-19 തീയതി 03.12.2018 |
| അളവ്പുസ്തകം | 255/18-19 |
| ചെലവ് വിവരം | ട്രഷറി ബിൽ നം.117/18-19 തീയതി 27-3-2019 രൂ. 728607(രൂ. 690146+38461 സൂപ്പർവിഷൻ ചാർജ്) |

ഈ പ്രവൃത്തി 14-09-2018 ൽ ഐറ്റം നിരക്കിൽ ഇ-ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്കായ രൂ. 7,99,658/- ക്വോട്ട് ചെയ്ത ശ്രീ.ബിനോയ് ടി.ബേബിയുടെ ടെണ്ടർ നഗരസഭാ കൗൺസിലിന്റെ 27-09-2018ലെ 21-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ആകെയുള്ള 93 ഇനങ്ങളിൽ 44 ഇനങ്ങൾക്ക് മാത്രമാണ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്നാമത്തെ ഇനം പ്രവൃത്തി 65.874% അധിക നിരക്കിലാണ് ചെയ്തിട്ടുള്ളത്. ബാക്കി എല്ലാ ഇനം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ചെയ്തിട്ടുള്ളത്. ആകെ നടപ്പാക്കിയ 69 ഇനം പ്രവൃത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 25 ഇനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. അവയിൽ പലതും കരാറിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കുറഞ്ഞ അളവിലുമാണ് ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് കണക്കിലെടുത്താൽ ഈ പ്രവൃത്തിയിൽ 5.75% ടെണ്ടർ കുറവേ ലഭിച്ചിട്ടുള്ളൂ എന്നുകാണാം. അതായത് കരാറുകാരൻ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 19 ഇനങ്ങൾ ഉപേക്ഷിക്കുകയും ഈ പ്രവൃത്തിയുടെ നാലിലൊന്ന് മൂല്യം വരുന്നതും 65.874% അധികനിരക്കുള്ളതുമായ ഒരിനം നടപ്പാക്കുകയും ചെയ്തതിനാൽ കരാറുകാരൻ ഓഫർ ചെയ്ത 16.84% കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

ധനവകുപ്പിന്റെ 04-05-2019 ലെ സർക്കാർ ഉത്തരവ് നം.54/2019/ധന പ്രകാരമുള്ള സ്പഷ്ടീകരണ ഉത്തരവ് പ്രകാരം ക്വോട്ട് ചെയ്യപ്പെട്ട എല്ലാ നിരക്കുകളും നിലവിലുള്ള ഡി.എസ്.ആറുമായി താരതമ്യം ചെയ്യേണ്ടതും ഏതെങ്കിലും ഇനത്തിന് ഡി.എസ്.ആർ. നിരക്കിനേക്കാൾ അധികമായി ക്വോട്ട് ചെയ്യുകയാണെങ്കിൽ ആയത് ഡി.എസ്.ആർ. +10% tolerance എന്ന പരിധിയിലേക്ക് കൊണ്ടുവരാൻ കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യേണ്ടതുമുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ ഒന്നാമത്തെ ഇനത്തിന് 65.874% അധിക നിരക്ക് ക്വോട്ട് ചെയ്തിട്ടും അപ്രകാരം കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യുകയോ ഈയിനത്തിന്റെ നിരക്ക് ഡി.എസ്.ആർ. +10% എന്ന പരിധിയിലേക്ക് താഴ്ത്തി നൽകുകയോ

ചെയ്തിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം 59690/-രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു.

| ഇനം (1) | എസ്റ്റിമേറ്റ് നിരക്ക് | | | ക്വോട്ട് ചെയ്തത് | | നൽകിയ തുക | | | നൽകാവുന്നത് | | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|---|---|
| | അളവ് (എണ്ണം) | നിരക്ക് (എണ്ണം) | തുക | നിരക്ക് | അധികം % | അളവ് | നിരക്ക് | തുക | 10% അധിക നിരക്ക് | തുക | |
| Supply and wiring points | 127 | 841 | 106807 | 1395 | 65.874 | 127 | 1395 | 177165 | 925 | 117475 | 59690 |

മേൽപ്പറഞ്ഞ പ്രകാരം, കരാറുകാരൻ അധികനിരക്ക് ക്വോട്ട് ചെയ്ത ഇനത്തിന് നെഗോസിയേഷനിലൂടെ അനുവദനീയ നിരക്ക് കണ്ടെത്താതെ അധിക നിരക്കിൽ തുക നൽകിയത് മൂലം നഗരസഭയ്ക്ക് നഷ്ടമായ 59690/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13-03-2020 ലെ 43-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-3 അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 79/19 |
| പേര് | 8-ാം വാർഡിലെ തെങ്ങോട് സ്കൂൾ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | രൂ. 1500000/- |
| എസ്റ്റിമേറ്റ്പി.എ.സി. | രൂ.14,99,108/- |
| കരാറുകാരൻ | ശ്രീ.സാബു വി.ഇ. |
| കരാർ തുക | രൂ. 13,75,110/- |
| ടെണ്ടർ നിരക്ക് | 8.27% കുറവ് |
| കരാർ | നം.252/18-19 തീയതി 03.12.2018 |
| അളവ്പുസ്തകം | 145/18-19 |
| ചെലവ് വിവരം | ട്രഷറി ബിൽ നം.53/18-19 തീയതി 19-03-2019 |

ഈ പ്രവൃത്തി ഐറ്റം നിരക്കിൽ 01-08-2018ൽ ടെണ്ടർ നടത്തിയതിൽ ശരാശരി 8.27% കുറവ് രേഖപ്പെടുത്തിയ ശ്രീ. സാബു വി.ഇ., തെങ്ങോടിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ഓരോ ഐറ്റവും വ്യത്യസ്ത നിരക്കിലാണ് കരാറുകാരൻ ക്വോട്ട് ചെയ്തത്. ശരാശരി നിരക്ക് 8.27% കുറവ് രേഖപ്പെടുത്തിയ ഈ പ്രവൃത്തിയുടെ 35-ാമത്തെ ഇനത്തിന് 5.49% കുറവ് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. അടങ്കലിൽ 188 എം.2 അളവ് കണക്കാക്കിയിരുന്ന ഈയിനം പ്രവൃത്തി 544 എം.2 ആണ് ചെയ്തത്. അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ നിരക്കിന് പകരം 5.49% ടെണ്ടർ കുറവ് മാത്രം ബാധകമാക്കിയതിനാൽ ഈയിനത്തിൽ താഴെ പറയും പ്രകാരം 7725/- രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്.

| ഇനം നം | എസ്റ്റിമേറ്റ് പ്രകാരം | | ടെണ്ടർ പ്രകാരം | | ചെയ്ത അളവ് m2 | അനുവദിച്ച തുക | | അനുവദിക്കാവുന്നത് | | | ആകെ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | അളവ് m2 | നിരക്ക് | നിരക്ക് | കുറവ് | | നിരക്ക് | ആകെ തുക | അളവ് m2 | കുറവ് % | നിരക്ക് തുക | |
| 35 | 188 | 899.41 | 850 | 5.49% | 544 | 850 | 462400 | 235 | 5.49 | 850 | 199750 |
| | | | | | | | | 309 | 8.27 | 825 | 254925 |
| ആകെ | | | | | | | 464400 | 544 | | | 454675 |

ധനവകുപ്പിന്റെ 04-05-2019 ലെ സർക്കാർ ഉത്തരവ് നം.54/2019 പ്രകാരം അധിക അളവിൽ ചെയ്യുന്ന പ്രവൃത്തിയുടെ 25% വരെയുള്ള അധിക അളവിന് കരാറുകാരൻ ആ ഇനത്തിന് ക്വോട്ട് ചെയ്ത നിരക്ക് നൽകാനും അതിൽ കൂടുതലായി ചെയ്യുന്ന അളവിന് ശരാശരി ടെണ്ടർ നിരക്ക് ബാധകമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിന് 235 $m^2$ അളവിന് മാത്രമാണ് രൂ. 850/$m^2$ നിരക്ക് അനുവദനീയമായിട്ടുള്ളത്. അതിൽ കൂടുതലായി ചെയ്ത 309 $m^2$ അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ നിരക്കായ (8.27% കുറവ്) രൂ.825/$m^2$ എന്ന നിരക്കാണ് അനുവദിക്കാവുന്നത്. ആയതിനാൽ ഈ പ്രവൃത്തിയിൽ 7725/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10-03-2020 ലെ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, അധികം നൽകിയ 7725/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

# 3-4 കൂടുതലായി ചെയ്യുന്ന പ്രവൃത്തിക്ക് ശരാശരി ടെണ്ടർ കുറവ് ബാധകമാക്കിയില്ല- കരാറുകാർക്ക് അധികം തുക നല്കി.

ധനവകുപ്പിന്റെ 04-05-2019 ലെ സർക്കാർ ഉത്തരവ് നം.54/2019 പ്രകാരം അധികം അളവിൽ ചെയ്യുന്ന പ്രവൃത്തിയുടെ 25% വരെയുള്ള അധിക അളവിന് കരാറുകാരൻ ആ ഇനത്തിന് ക്വോട്ട് ചെയ്ത നിരക്ക് നൽകാനും അതിൽ കൂടുതലായി ചെയ്യുന്ന അളവിന് ശരാശരി ടെണ്ടർ നിരക്ക് ബാധകമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു

I.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തെക്കോട് മേക്കര ഭാഗം നടപ്പാത, കാന മെയിന്റനൻസ്, സംരക്ഷണഭിത്തി നിർമ്മാണം, കട്ടവിരിക്കൽ വാർഡ് -6 |
| പ്രൊ.നമ്പർ | എസ് 373/18, എസ് 25419 (18-19 Spillover) |
| അടങ്കൽ തുക | 10,00,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.രഞ്ജിത് കെ.ലാലൻ |
| എഗ്രിമെന്റ് നമ്പർ- തീയതി | 147/17-18 Dtd. 29.12.2017 |

| | |
|---|---|
| എഗ്രിമെന്റ് തുക | 8,29,657/- |
| എം- ബുക്ക് നമ്പർ | 146/17-18 |
| ആകെ ചെലവ് | 7,92,889/- (ചെക്ക് നം. 254286, തീയതി. 18.12.2018) |

തെങ്കോട് മേക്കര ഭാഗം നടപ്പാത, കാന മെയിന്റനൻസ്, സംരക്ഷണഭിത്തി നിർമ്മാണം, കട്ടവിരിക്കൽ എന്ന പ്രൊജക്ടിന്റെ 17.10.2017 ലെ ഇ-ടെൻഡറിൽ ശ്രീ.രഞ്ജിത് കെ.ലാലൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയിൽ നിന്ന് 8.59% ശരാശരി കുറവിൽ ടെൻഡർ ചെയ്ത് 28.12.2017-ൽ നഗരസഭയുമായി കരാർ വെച്ചു. ഈ പ്രൊജക്ടിൽ താഴെപ്പറയുന്ന ഇനത്തിൽ എഗ്രിമെന്റ് ഷെഡ്യൂളിലെ അളവിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ അധിക അളവിൽ ചെയ്യേണ്ടിവരുന്ന പ്രവൃത്തിയിനങ്ങളിൽ ആകെ അളവിന്റെ 25% എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിലും, ബാക്കി 75% എഗ്രിമെന്റ് നിരക്കോ, ശരാശരി ടെൻഡർ കുറവോ ഏതാണോ കുറവ് അതാണ് നല്കാവുന്നത്. ഇവിടെ അധിക അളവിനും എഗ്രിമെന്റ് നിരക്കിലാണ് നല്കിയിരിക്കുന്നത്. 75% അളവിന് 8.59% ശരാശരി കുറവ് ബാധകമാക്കുന്നില്ല. ആയതിനാൽ താഴെപ്പറയും പ്രകാരം അധികം തുക കരാറുകാരന് നല്കാൻ ഇടയായിട്ടുണ്ട്.

<table>
<tr><th rowspan="2">ഇനം നം</th><th colspan="2">എസ്റ്റിമേറ്റ് പ്രകാരം</th><th colspan="2">ടെണ്ടർ പ്രകാരം</th><th rowspan="2">ചെയ്ത അളവ് $m^3$</th><th colspan="2">അനുവദിച്ച തുക</th><th colspan="4">അനുവദിക്കാവുന്നത്</th><th rowspan="2">അധികം നല്കിയത്</th></tr>
<tr><th>അളവ്</th><th>നിരക്ക്</th><th>നിരക്ക്</th><th>കുറവ്</th><th>നിരക്ക് തുക</th><th>ആകെ തുക</th><th>അളവ്</th><th>കുറവ്</th><th>നിരക്ക് തുക</th><th>ആകെ തുക</th></tr>
<tr><td rowspan="3">3</td><td rowspan="3">3m3</td><td rowspan="3">1390</td><td rowspan="3">1390</td><td rowspan="3">8.59</td><td rowspan="3">31.28</td><td rowspan="3">1390</td><td rowspan="3">43479</td><td>10.82</td><td></td><td>1390</td><td>15040</td><td rowspan="3">2434</td></tr>
<tr><td>20.46</td><td>8.59</td><td>1271</td><td>26005</td></tr>
<tr><td>31.28</td><td></td><td></td><td>41045</td></tr>
</table>

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് 2434/-രൂപ അധികം നല്കിയിട്ടുണ്ട്.

II.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വായനശാല -കുഴിക്കാല വനിതാ വികസനകേന്ദ്രം BMBC ടാറിംഗ്, സംരക്ഷണഭിത്തി വാർഡ് -7 |
| പ്രൊ.നമ്പർ | എസ് 411/17, എസ് 25419 (18-19 Spillover) |
| അടങ്കൽ തുക | 1,34,98,020/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.ജിനുകണ്ടത്തിൽ |
| എഗ്രിമെന്റ് നമ്പർ- തീയതി | 30/17-18 Dtd. 7.07.2017 |
| എഗ്രിമെന്റ് തുക | 1,06,63,291/- |
| എം- ബുക്ക് നമ്പർ | 260/17-18 |
| ആകെ ചെലവ് | 1)56,27,378/- (ട്രഷറി ബിൽ നം. 315, തീയതി. 22.03.2018)<br>2)32,69,001/-(ട്രഷറി ബിൽ നം. 36, തീയതി. 29.06.2018)<br>[illegible] |

| | |
|---|---|
| | 3)17,00,012./-(ട്രഷറി ബിൽ നം. 437, തീയതി. 31.03.2019) |

“വായനശാല -കുഴിക്കാല വനിതാ വികസനകേന്ദ്രം BMBC ടാറിംഗ്, സംരക്ഷണഭിത്തി” എന്ന പ്രൊജക്ടിന്റെ 06.05.2017 ലെ ഇ-ടെൻഡറിൽ ശ്രീ.ജിനു കണ്ടത്തിൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയിൽ നിന്ന് 21.01 % ശരാശരി കുറവിൽ ടെൻഡർ ചെയ്ത് 07.07.2017-ൽ നഗരസഭയുമായി കരാർ വെച്ചു. ഈ പ്രൊജക്ടിൽ താഴെപ്പറയുന്ന ഇനങ്ങളിൽ എഗ്രിമെന്റ് ഷെഡ്യൂളിലെ അളവിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ അധിക അളവിൽ ചെയ്യേണ്ടിവരുന്ന പ്രവൃത്തിയിനങ്ങളിൽ ആകെ അളവിന്റെ 25% എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിലും, ബാക്കി 75% എഗ്രിമെന്റ് നിരക്കോ, ശരാശരി ടെൻഡർ കുറവോ ഏതാണോ കുറവ് അതിലും ആണ് നല്കാവുന്നത്. ഇവിടെ അധിക അളവിനും എഗ്രിമെന്റ് നിരക്കിലാണ് നല്കിയിരിക്കുന്നത്. 75% അളവിന് 21.01% ശരാശരി കുറവ് ബാധകമാക്കുന്നില്ല. ആയതിനാൽ താഴെപ്പറയും പ്രകാരം അധികം തുക കരാറുകാരന് നല്കാൻ ഇടയായിട്ടുണ്ട്.

| ഇനം നം | എസ്റ്റിമേറ്റ് പ്രകാരം | | ടെണ്ടർ പ്രകാരം | | ചെയ്ത അളവ് $m^3$ | അനുവദിച്ച തുക | | അനുവദിക്കാവുന്നത് | | | | അധികം നല്കിയത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | അളവ് | നിരക്ക് | നിരക്ക് | കുറവ് | | നിരക്ക് തുക | ആകെ തുക | അളവ് | കുറവ് | നിരക്ക് തുക | ആകെ തുക | |
| 5 | 90.52m3 | 9019 | 7500 | 16.84 | 132.10 | 7500 | 990750 | 123.54 | 16.84 | 7500 | 926588 | 3181 |
| | | | | | | | | 8.56 | 21.01 | 7124 | 60981 | |
| | | | | | | | | 31.28 | | | 987569 | |
| App 2 | 20.21 m3 | 6226.34 | 5100 | 21.01 | 72.86 | 5100 | 371586 | 38.43 | 18.09 | 5100 | 195993 | 6266 |
| | | | | | | | | 34.43 | 21.01 | 4918 | 169327 | |
| | | | | | | | | 72.86 | | | 365320 | |
| 5 | 90.518 | 9018.84 | 7500 | 16.84 | 129.14 | 7500 | 968550 | 122.80 | 16.84 | 7500 | 921000 | 2384 |
| | | | | | | | | 6.34 | 21.01 | 7124 | 45166 | |
| | | | | | | | | 129.14 | | | 966166 | |

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് 11,831/- രൂപ അധികം നല്കിയിട്ടുണ്ട്.

III.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭ ഓഫീസിലെ യിലെ ജനറേറ്റർ റൂമിന്റെയും, NULM സെക്ഷന്റെയും പുനരുദ്ധാരണം- രണ്ടാം ഘട്ടം |
| പ്രൊ.നമ്പർ | എസ് 409/17, എസ് 218/19 (18-19 Spillover) |
| അടങ്കൽ തുക | 8,50,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.ഷാബിൻ ഇബ്രാഹിം |
| എഗ്രിമെന്റ് നമ്പർ- തീയതി | 29/17-18 Dtd. 01.03.2018 |
| എഗ്രിമെന്റ് തുക | 8,15,585/- |
| എം- ബുക്ക് നമ്പർ | 221/17-18 |
| ആകെ ചെലവ് | 1)5,00,000/-<br>(ട്രഷറി ബിൽ നം. 38/18-19, തീയതി. 29.06.2018) |

| | |
|---|---|
| | 2)3,15,337/-<br>(വൗച്ചർ നം. 34-2/19, തീയതി. 13.02.2019)<br>**8,15,337/-** |

നഗരസഭ ഓഫീസിലെ യിലെ ജനറേറ്റർ റൂമിന്റെയും, NULM സെക്ഷന്റെയും പുനരുദ്ധാരണം- രണ്ടാം ഘട്ടം എന്ന പ്രൊജക്ടിന്റെ 14.11.2017 ലെ ഇ-ടെൻഡറിൽ ശ്രീ.ഷാബിൻ ഇബ്രാഹിം എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയിൽ നിന്ന് 3.87 % ശരാശരി കുറവിൽ ടെൻഡർ ചെയ്ത് 07.03.2018-ൽ നഗരസഭയുമായി കരാർ വെച്ചു. ഈ പ്രൊജക്ടിൽ താഴെപ്പറയുന്ന ഇനങ്ങളിൽ എഗ്രിമെന്റ് ഷെഡ്യൂളിലെ അളവിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ അധികഅളവിൽ ചെയ്യേണ്ടിവരുന്ന പ്രവൃത്തിയിനങ്ങളിൽ ആകെ അളവിന്റെ 25% എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിലും, ബാക്കി 75% എഗ്രിമെന്റ് നിരക്കോ, ശരാശരി ടെൻഡർ കുറവോ ഏതാണോ കുറവ് അതിലും ആണ് നല്കാവുന്നത്. ഇവിടെ അധിക അളവിനും എഗ്രിമെന്റ് നിരക്കിലാണ് നല്കിയിരിക്കുന്നത്. 75% അളവിന് 3.87 % ശരാശരി കുറവ് ബാധകമാക്കുന്നില്ല. ആയതിനാൽ താഴെപ്പറയും പ്രകാരം അധികം തുക കരാറുകാരന് നല്കാൻ ഇടയായിട്ടുണ്ട്.

| ഇനം നം | എസ്റ്റിമേറ്റ് പ്രകാരം | | ടെണ്ടർ പ്രകാരം | | ചെയ്ത അളവ് $m^3$ | അനുവദിച്ച തുക | | അനുവദിക്കാവുന്നത് | | | | അധികം നല്കിയത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | അളവ് | നിരക്ക് | തുക | കുറവ് | | നിരക്ക് തുക | ആകെ തുക | അളവ് | കുറവ് | നിരക്ക് തുക | ആകെ തുക | |
| 7 | 141.965 kg | 131.84 | 130 | 1.4% | 2167.25 kg | 130 | 281739 | 683.78 | 1.4% | 130 | 88891 | 4848 |
| | | | | | | | | 1483.47 | 3.87 % | 126.73 | 188000 | |
| | | | | | | | | 2167.25 | | | 276891 | |
| 8 | 137.326 kg | 125.56 | 125 | 0.45% | 624.17 kg | 125 | 78021 | 293.37 | .45% | 125 | 36671 | 1422 |
| | | | | | | | | 330.80 | 3.87% | 120.70 | 39928 | |
| | | | | | | | | 624.17 | | | 76599 | |

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് 6270/- രൂപ അധികം നല്കിയിട്ടുണ്ട്.

# 3-5 രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി- കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കിയില്ല- നിയമാനുസൃത പിഴ ഈടാക്കണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി<br>വാർഡ് -20 |
| പ്രൊ.നമ്പർ | എസ് 269/19 |
| അടങ്കൽ തുക | 14,90,000/- |
| കരാർ തുക (PAC) | 13,53,133/- |
| കോൺട്രാക്ടറുടെ പേര് | അബ്ദുൾ റഷീദ് എ.ഐ |
| [illegible] | [illegible] |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ-തീയതി | 110/17-18 Dtd. 05.12.2017 |
| അളവ് പുസ്തകനമ്പർ | 107/17-18 |
| ആകെ ചെലവ് | 1)5,46,311/- (ട്രഷറിബിൽ നം. 10/18-19. തീയതി. 20.06.2018)<br>2)4,05,987/- (ട്രഷറിബിൽ നം. 82/18-19. തീയതി 27.09.2018)<br>3)4,00,768/- (ട്രഷറിബിൽ നം. 161/18-19. തീയതി 15.11.2018)<br><br>**13,53,066/-** |

തൃക്കാക്കര നഗരസഭയിലെ 20-ാം വാർഡിൽ "രാമകൃഷ്ണനഗർ റോഡ് -കാമ്പത്ത് റോഡ് സംരക്ഷണഭിത്തി " എന്ന പ്രവൃത്തിക്ക് 11.08.2017ൽ ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച രണ്ട് ടെൻഡറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ റഷീദ് എ.ഐ. എന്നയാൾക്ക് 23.11.2017ലെ കൗൺസിൽ തീരുമാനപ്രകാരം കരാർ നല്കി. 05.12.2017ൽ കരാറുകാരൻ നഗരസഭയുമായി ചമച്ച 3 മാസത്തിനകം (03/2018) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ പണി ഭാഗികമായി പൂർത്തിയാക്കി ആദ്യപാർട്ട് ബിൽ നല്കിയത് 27.03.2018-ാം തീയതിയായിരുന്നു.(ചെക്ക് മെഷർ ചെയ്തത് 24.03.2018). പിന്നീട് രണ്ടാം പാർട്ട് ബിൽ തുക നല്കിയത് 29.09.2018 ലാണ്. മൂന്നാം പാർട്ട് ബിൽ 4,00,768/- രൂപ നല്കിയത് 13.11.2018 ൽ ആണ്. ഇപ്രകാരം ആകെ 13,53,066/- രൂപയാണ് നാളിതുവരെ ചെലവായത്.

ഈ പ്രൊജക്ട് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും എഗ്രിമെന്റ് കാലാവധി കഴിഞ്ഞ് 8 മാസത്തിന് ശേഷമാണ് പണി പൂർത്തീകരിച്ചത്. അതേസമയം പൂർത്തീകരണത്തീയതി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നല്കിയിട്ടുമില്ല.

ജി.ഒ (പി) 13/2012/PWD തീയതി.01.02.2012 പ്രകാരം നിലവിൽ വന്ന 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം പരമാവധി ദീർഘിപ്പിക്കൽ പരിധി ഒറിജിനൽ പൂർത്തീകരണകാലാവധിയുടെ 50%-ൽ അധികം പാടില്ല എന്നാണ്.

2. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. ഇത് പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

3. സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതായിരുന്നു. 13.11.18 ൽ

ഫൈനൽ നല്കിയിട്ടുണ്ടെങ്കിലും ഈ ബില്ലുകളിൽ നിന്ന് യാതൊരു തുകയും പിഴയായോ,കോമ്പൻസേഷനായോ ഈടാക്കിയിട്ടുമില്ല.

ഈ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തതിന് താഴെപ്പറയുംപ്രകാരം 43,300/- രൂപ ഫൈൻ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| | |
|---|---|
| എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.03.2018 |
| പൂർത്തീകരിച്ച തീയതി(ഫൈനൽ ചെക്ക് മെഷർമെന്റ് തീയതി ) | 13.11.2018 |
| ഈടാക്കേണ്ട പിഴ- (32 ആഴ്ച- 3.2 % of PAC- 3.2 % x 13,53,133) | 43,300/- |

# 3-6 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - അധികമായി നൽകിയ രൂ 70000/-നിരാകരിക്കുന്നു

“മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ” എന്ന പ്രൊജക്ടിൽ 20 ഗുണഭോക്താക്കൾക്ക്, ലോഹനിർമ്മിതമായ കൂടും 4 മാസം പ്രായമായ 10 മുട്ടക്കോഴികളേയും വീതം ടെണ്ടർ നടത്തി വാങ്ങി നല്കുന്നതിനായാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് പ്രകാരം കൂടൊന്നിന് 11637.06/- രൂപ വില നിർണ്ണയിച്ചിട്ടുണ്ട്. അതിന്റെ കൂടി അടിസ്ഥാനത്തിൽ കൂട്,കോഴികൾ,തീറ്റ,മരുന്ന് എന്നിവയുൾപ്പെടെ ഒരു യൂണിറ്റിന് 15000/-രൂപ നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചു. യൂണിറ്റിന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ (15000/-രൂപ) ഏഞ്ചൽ ഫാംസ് ആൻഡ് ഫീഡ്സ്, പാദുവാപുരം എന്ന സ്ഥാപനത്തിന് ആണ് കരാർ നല്കിയത്. കൂടിന്റെ വില, നല്കാവുന്ന പക്ഷികളുടെ എണ്ണം, വില എന്നിവയെല്ലാം ജില്ലാതലത്തിൽ ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണമെന്ന് പദ്ധതിമാർഗ്ഗരേഖയിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതും അത്തരത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതുമാണ്. 2018-19 വർഷത്തേക്ക് 10 കോഴികൾക്കുള്ള കൂടിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച നിരക്ക് സർക്കാർ നിരക്കായ 8000/-രൂപ ആണ്. മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 10 കോഴികളെ ആണ് നല്കാവുന്നത്. ഇത് പ്രകാരം വാങ്ങി നല്കിയിട്ടുള്ള 100 ദിവസത്തിന് മേൽ പ്രായമുള്ള BV 380/HY line എന്ന ഇനം കോഴിക്ക് ഒന്നിന് 350/-രൂപയാണ് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്ക് അനുസരിച്ചാണ് തന്നെയാണ് കോഴികളെ വാങ്ങിയിട്ടുള്ളത് . എന്നാൽ പദ്ധതി പ്രകാരം കൂടൊന്നിന് 10000/-രൂപ (GST ഉൾപ്പെടെ) ആണ് ചെലവ് വന്നിരിക്കുന്നത്. (അതായത് കൂടിന്റെ വില 8928.58/-രൂപ + 1071.42/- (GST)). ഇത് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച നിരക്കിനെ അധികരിക്കുന്നതാണ്. കൂടാതെ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത കോഴിത്തീറ്റ, സപ്ലിമെന്ററി മെഡിസിൻ എന്നീ ഇനത്തിലും തുക ചെലവ് ചെയ്തതായി കാണുന്നു. തീറ്റക്ക് ഒരു ബാഗിന് 700/- രൂപ നിരക്കിൽ 20 ബാഗിന് 14000/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കൂട്, കോഴിത്തീറ്റ, സപ്ലിമെന്റ് മെഡിസിൻ എന്നിവക്കായി അധികമായി ചെലവ് ചെയ്ത 70000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അപാകതകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അനുബന്ധം 1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തൃപ്പൂണിത്തുറ | 100/18-19, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 181101000000007074/ 30.6.18 | 60,00,000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഡിവിഷൻ ഓഫീസ്,തൃശ്ശൂർ | 121/19 മെയിൻ റോഡുകളിൽ ഗാൽവനൈസ്ഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 181101000000029335/ 16.3.19 | 1,20,00,000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,35,91,741 |
| തൻവർഷം നിക്ഷേപിച്ച തുക | 3,00,00,000 |
| ആകെ | 8,35,91,741 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8,35,91,741 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | Bank of Baroda | 01.04.2018 | 1 year | 32154560 | - |
| 2 | SBI | 01.04.2018 | 1 year | 21437181 | - |
| 3 | Indian Overseas Bank | 30.3.2018 | 1 year | 3,00,00,000 | |
| ആകെ | | | | 83591741 | - |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല. ട്രഷറിയിലേക്ക് നേരിട്ട് ഒടുക്കിയ തുകയുടെ രശീത് നമ്പർ /തീയതി മുതലായവ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ/ സ്ഥാപനത്തിന്റെ പേര് | ട്രഷറി രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2014-15 | 3-1(23)<br>3-1(21)<br>3-1(13)<br>3-1(19)<br>3-1(16)<br>3-5(2)<br>3-5(3) | 33141/-<br>20151/-<br>11884/-<br>20780/-<br>1542/-<br>6924/-<br>6924/- | ദിവ്യ മോഹൻ, AE | KL008079563201819M/9.11.18<br>KL008079678201819M/9.11.18<br>KL000277618201819M/11.4.18<br>KL006252458201819M/24.9.18<br>KL006140752201819M/19.9.18<br>KL011937589201718M/20.4.18<br>KL011891302201718M/19.3.19 |
| 2015-16 | 3-18III(3) | 74000/- | വി ദീപൻ, പ്രോജക്റ്റ് ഓഫീസർ UPAC | KL12459700201819M/2.3.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 12 | 2004-05 | III-7(1) 13(ii) | ചെക്ക് പ്രകാരം പിൻവലിച്ച 150000 രൂപയിൽ 2119/- രൂപ മാത്രമേ ചെലവ് എഴുതിയിട്ടുള്ളൂ. ബാക്കിയുള്ള 147881/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്. | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |
| “ | 47 | 2004-05 | III-7(1) 13(iii) | ലോക്കൽ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് പൊതുമരാമത്ത് നിരക്കിലുള്ള തുകയുടെ 50% കൂടി കൂട്ടിയ നിരക്കിനേക്കാൾ അധികം നൽകിയ തുക നിരാകരിച്ചു. നിരാകരണം 24829/- രൂപ | സമിതി തീരുമാനപ്രകാരം തീർപ്പാക്കി (Ref:-KSA/EKM/M1/ 1544/2017 dt.21.5.18) |
| 2000-01 2001-02 | 16 | 2004-05 | III-7(1) 13(i) | കൺവീനർക്ക് നൽകിയ കമ്പി, സിമന്റ് എന്നിവക്ക് ടെണ്ടർ എക്സ്സസ് നൽകി. അധിക ചെലവ് 47145/- രൂപ | സമിതി തെളിവെടുത്തു. തീരുമാനം ആയിട്ടില്ല. |
| 2016-17 | 2-1 | 2017-18 | 3 | അധിക FAR ഫീസ് ഈടാക്കിയതിലെ അപാകത- 36,26,160/- രൂപ നഗരസഭയ്ക്ക് നഷ്ടം | സമാഹൃതറിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

**ഇല്ല**

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

**ഇല്ല.**

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50,92,37,472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46,49,99,183 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **2,54,573** |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,95,26,385 |

**(ബി). <u>നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 53,323 | പി.എസ് .ഷിബു<br>സെക്രട്ടറി, തൃക്കാക്കര നഗരസഭ |
| 3-2 | | 59,690 | മേരി കാതറിൻ ജോർജ്ജ്<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 7,725 | മേരി കാതറിൻ ജോർജ്ജ്<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | | 20,535 | എസ് .രാജേന്ദ്രൻ<br>മുനിസിപ്പൽ എൻജിനീയർ |
| 3-5 | | 43,300 | എസ് .രാജേന്ദ്രൻ<br>മുനിസിപ്പൽ എൻജിനീയർ |
| 3-6 | | 70,000 | മീരാ ബെൻ വക്കച്ചൻ<br>വെറ്ററിനറി സർജൻ |
| | **ആകെ** | **2,54,573** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 46,000 | എസ്.ഷിബു, സെക്രട്ടറി,തൃക്കാക്കര നഗരസഭ |
| 1-29 | 1,29,89,250 | ബി.ദിലീപ്, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-30 | 54,91,135 | എസ്.ഷിബു, സെക്രട്ടറി,തൃക്കാക്കര നഗരസഭ |
| 1-34 | 2,10,00,000 | എസ്.രാജേന്ദ്രൻ, മുനിസിപ്പൽ എൻജിനീയർ |
| **ആകെ** | **3,95,26,385** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-29 | 1,36,690 |
| 1-32(1) | 19,506 |
| 1-32(2) | 12,642 |
| 1-32(3) | 11,100 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.എസ് .ഷിബു<br>സെക്രട്ടറി<br>തൃക്കാക്കര നഗരസഭ | സെക്രട്ടറി<br>തൃക്കാക്കര നഗരസഭ | സുകുമാര വിലാസം<br>നടുവത്തും ചേരി<br>ചവറ സൗത്ത് കൊല്ലം |
| ശ്രീ. ബി.ദിലീപ് .<br>ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത്<br>ഇൻസ്പെക്ടർ<br>തൃക്കാക്കര നഗരസഭ | ചാരുവിള വീട്<br>കൈതക്കാട് പി.ഒ<br>കൊല്ലം |
| ശ്രീ.എസ് .രാജേന്ദ്രൻ,<br>മുനിസിപ്പൽ<br>എൻജിനീയർ | മുനിസിപ്പൽ<br>എൻജിനീയർ<br>തൃക്കാക്കര നഗരസഭ | ശ്രീരംഗം<br>കല്ലേലിഭാഗം<br>കരുനാഗപ്പിള്ളി, കൊല്ലം |
| ശ്രീമതി.മേരി കാതറിൻ<br>ജോർജ്ജ്<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ്<br>എൻജിനീയർ<br>തൃക്കാക്കര നഗരസഭ | ഫ്ലാറ്റ് നം. I-D<br>അബാദ് ഒളിംപ്യൻ<br>രാഘവ പിള്ള റോഡ്<br>ഇടപ്പിള്ളി-24 |
| ശ്രീമതി.മീരാ ബെൻ<br>വക്കച്ചൻ<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>തൃക്കാക്കര നഗരസഭ | പുത്തൻ ചക്കാലക്കൽ(H)<br>(Near) ലൂർദ് മാതാ ചർച്ച്,<br>എളമക്കര പി.ഒ<br>682026 |

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി3)2175/80/5.12.1981 |
| 1980-81 | എൽ.എഫ്.ഇ(പി3)2177/84/3.10.1987 |
| 1981-82 | എൽ.എഫ്.ഇ(പി3)1009/85/9.10.87 |
| 1982-83 | എൽ.എഫ്.ഇ(പി3)369/87/18.1.98 |
| 1983-84 | എൽ.എഫ്.ഇ(പി3)1469/88/3.11.88 |
| 1984-85 | എൽ.എഫ്.ഇ(പി3)1178/88/16.7.88 |
| 1985-86 | എൽ.എഫ്.ഇ(പി3)225/89/3.7.89 |
| 1986-87 | എൽ.എഫ്.ഇ(പി2)1707/90/13.6.91 |
| 1987-88 | എൽ.എഫ്.ഇ(പി2)1413/92/30.7.92 |
| 1988-89 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1989-90 | എൽ.എഫ്.ഇ(പി2)876/93/2.11.93 |
| 1990-91 | എൽ.എഫ്.ഇ(പി2)588/94/3.4.95 |
| [illegible] | [illegible] |

| | |
|---|---|
| 1991-92 | എൽ.എഫ്.ഇ(പി2) " |
| 1992-93 | എൽ.എഫ്.ഇ(പി4)1303/05/22.9.06 |
| 1993-94 | എൽ.എഫ്.ഇ(പി4)1304/05/" |
| 1994-95 | എൽ.എഫ്.ഇ(പി4)1305/05/" |
| 1995-96 | എൽ.എഫ്.ഇ(പി4)1306/05/" |
| 1998-99 | എൽ.എഫ്.ഇ(പി3)1034/01/10.10.01 |
| 1999-00 | എൽ.എഫ്.ഇ(പി3)857/04/26.1.04 |
| 2000-01 | എൽ.എഫ്.ഇ(പി3)1078/04/12.1.05 |
| 2001-02 | എൽ.എഫ്.ഇ(പി3) " |
| 2002-03 | എൽ.എഫ്.ഇ(പി4)472/08/24.11.08 |
| 2003-04 | എൽ.എഫ്.ഇ(പി4)473/08/" |
| 2004-05 | എൽ.എഫ്.ഇ(പി4)317/08/29.1.09 |
| 2005-06 | എൽ.എഫ്.ഇ(പി8)269/10/29.7.10 |
| 2006-07 | എൽ.എഫ്.ഇ(പി8)282/10/31.7.10 |
| 2007-08 | എൽ.എഫ്.ഇ(പി8)791/09/20.3.10 |
| 2008-09 | എൽ.എഫ്.ഇ(പി8)183/11/11.3.12 |
| 2009-10 | എൽ.എഫ്.ഇ(പി8)183/11/" |
| 2010-11 | എൽ.എഫ്.ഇ(എം.1)874/12/7.7.12 |
| 2011-12 | എൽ.എഫ്.ഇ(എം.1)1650/14/19.2.15 |
| 2012-13<br>2013-14 | എൽ.എഫ്.ഇ(എം.2)409/16/8.3.16 |
| 2014-15 | എൽ.എഫ്.ഇ(എം.1)1384/16/9.8.16 |
| 2015-16 | എൽ.എഫ്.ഇ(എം.1)141/17/8.2.17 |
| 2016-17 | കെഎസ്എ-ഇകെഎം(എം.1) 1775/2017/ 30.11.2017 |
| 2017-18 | കെഎസ്എ-ഇകെഎം(എം.1)222/2019/21.03.2019 |

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തൃക്കാക്കര നഗരസഭയുടെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## ന്യൂനതകളുടെ സംഗ്രഹം

1.സ.ഉ.(എം.എസ്) 152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ നഗരസഭ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2. തനതുഫണ്ട് അക്കൗണ്ട് (Union Bank A/c No. 450210200) പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും റീകൺസീലിയേഷൻ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ 12/2018 വരെയുള്ള ചെക്കുകൾ (Rs. 36753234) stale ചെക്ക് ഹെഡിലേക്ക് മാറ്റിയിട്ടില്ല.

3. Development Fund general R.P – 6 (160100101) എന്ന ഹെഡിൽ 259750/- രൂപ വരവ് ഭാഗത്ത് ഉൾപ്പെടുത്തുന്നതിന് പകരം R.P -4 140900200 എന്ന ഹെഡിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

4. തൊഴിൽരഹിത വേതനം 2018-19 ൽ ചെലവഴിച്ചത് രജിസ്റ്റർ പ്രകാരം 1,01,400/- രൂപയാണ്. എന്നാൽ AFS ൽ 36960/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

5. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് /തനത് വർഷ കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ AFS ഉം DCB പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

7.അഡ്വാൻസ് രജിസ്റ്റർ വർഷാന്ത്യ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

8. തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

9. സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക - DCB പത്രികയും AFS ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല

10. വാടക/ D & O ലൈസൻസ് ഫീസ് എന്നിവ AFS ലെ കുടിശ്ശിക/ ഡിമാന്റ്/ കളക്ഷൻ/ ബാലൻസ് എന്നിവ DCB പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

11. നഗരസഭയ്ക്ക് ലഭിക്കേണ്ട E – Tender Form വില്പനവില ബാലൻസ് ഷീറ്റ് B 15

ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. EMD ആയി ലഭിച്ച 2000/- രൂപ ഓക്ഷൻ ഡെപ്പോസിറ്റ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തെറ്റായി വരവു വെച്ചിരിക്കുന്നു.

13. പെൻഷൻ അക്കൗണ്ട്, STSBA/c, <u>**AUEGS**</u> Own Fund A/c എന്നിവ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

14. തൊഴിൽരഹിത വേതനം 23880/- രൂപ തിരിച്ചത് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ഡിമാന്റ് ഡ്രാഫ്റ്റായി ലഭിക്കുന്ന EMD തുകകൾക്ക് രസീത് നൽകി നഗരസഭ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ല.

.

**ജോയിന്റ് ഡയറക്ടർ**

ANNEXURE-1

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **THRIKKAKARA MUNICIPALITY** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 295(6) of the Kerala Municipalily Act 1994, Rule No. 60 of Kerala Municipality (Accounts) Rules 2007, and guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Nagarapalika Institutions and the instructions vide GO(Rt) 1413/2018/LSGD, dated, 22.05.2018

In my opinion, the Financial Statement of **THRIKKAKARA MUNICIPALITY** for the year 2018-19 subject to the observations in Annexure-2 properly presents the picture of income, expenditure and closing balance.

JOINT DIRECTOR
STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

Defects identified on verification of Annual Financial Statement 2018-19 of THRIKKAKARA MUNICIPALITY

1. Assets including land are not properly accounted, entered and reconciled with the AFS. Sachithra Software is not linked with Sankhya. Since the accounting of the assets is not complete, the correctness of Municipal Fund cannot be confirmed.

2.The closing balance of Own Fund (Union Bank A/c No. 450210200) as per pass book does not agree with reconciliation statement Cheques to be encashed since 12/2018 are not shown in stale cheques head.

3. An amount Rs. 259750/- received as Development Fund General is wrongly included in the head 140900200 in the RP-4 schedule instead of including in the head 160100101 in the Rp-6 schedule.

4. The amount spent as unemployment allowance in 2018-19 as per the register maintained does not agree with that in AFS,

5. The amount of property tax shown in AFS differ with the DCB statement.

6. Deposit Register and Investment Register are not properly maintained.

7. The annual abstract of advances is not recorded

8. Profession Tax Register is not prepared.

9. The arrear amounts of institutional profession tax shown in AFS differ with the DCB statement.

10.The arrear as well as the demand, collection, balance amounts of rent and D&O licence fees in AFS differ with their respective DCB statements.

11. Amount to be obtained from the sale of e-tender forms is not included in the B-15 schedule of the balance sheet.

12. An amount of Rs. 2000/- received as EMD is wrongly credited under the head 'Auction Deposit'

13. Pension account, STSB account, AUEGS Own Fund account are not reconciled with the bank statements.

14. Unemployment allowance refund amounting to Rs. 23880/- is not shown in the AFS.

15. EMD amounts received as Demand Draft are not included in the accounts. No receipts are issued in such cases.

.

**Joint Director**